Music helps children to develop their language skills. Singing songs and reciting poems and rhymes help them to develop literary skills.

Music is a wonderful way to address the many needs of children. There is no right or wrong, it just is what it is. Listening to different types of music nurtures self-esteem, and encourages creativity, self-confidence and curiosity.

# Music relieves stress
# Music makes you happier
# Music strengthens learning and memory
# Music helps one sleep better
# Music reduces pain
# Music improves health

'MUSIC IS ENOUGH FOR A LIFETIME, BUT A LIFETIME IS NOT ENOUGH FOR MUSIC"

– Sergei Rachmaninoff (A Russian composer & pianist)

# ഒരു ജീവിത ചരിതം 16.4



Aleena Rose Johnson
B Pharm Final year

വല ഇടവഴികളിലൂടെ നടന്നെത്തി, കുറച്ചു ദൂരം ഒന്നിച്ച് നടന്ന് പല വഴികളിലൂടെ പിരിയുന്ന ആ സിഗ്നൽ ജങ്ഷനിലേക്ക് അടുക്കുമ്പോൾ ബാക്കി വയ്ക്കാൻ കരുപ്പിടിപ്പിച്ച കുറിപ്പടിയിൽ ഞങ്ങൾക്കായ് മാറ്റിവച്ച താളിൽ കുത്തിക്കുറിക്കാൻ ഓർമകളെ പൊടിതട്ടിയെടുക്കാൻ ഞാൻ ശ്രമിക്കുകയാണ്. എനിക്ക് കൂട്ടായി ബാക്കി 19 വീരാളികളും.

അന്നൊരു വെള്ളിയാഴ്ച്ച ദിവസം. സമയം രാവിലെ 9.25. "A batchകാർ വേഗം എറങ്ങാൻ നോക്ക് Limce miss വന്നു" Denju ആയിരുന്നു അനൗൺസ്മെന്റ് നടത്തിയത്. അതിരാവിലെ 7.30ന് എണീറ്റ് ക്ളാസിൽ പോകാൻ പുട്ടിയടിച്ചു കൊണ്ടിരുന്ന ഞങ്ങൾ ഫോർവാഡ് ബട്ടൺ ക്ലിക് ചെയ്ത വീഡിയോ പോലെ അങ്ങോട്ടും ഇങ്ങോട്ടും ഓടാൻ തുടങ്ങി. ഒരുവിധം ഒപ്പിച്ചു താഴെയിറങ്ങിയപ്പോൾ അതാ ! വല്ലപ്പോഴും മാത്രം ലാബിൽ കാണാറുള്ള മാവേലികളെല്ലാം ഡിസ്പെൻസിങ് ലാബിൽ വൈറ്റ് കോട്ട് ഒക്കെ ഇട്ടു റെഡിയായി നിൽക്കുന്നു. പകച്ചുപോയി എന്റെ ബാല്യം !! എന്റെ ഓർമ്മ ശരിയാണെങ്കിൽ ഇതിനുമുമ്പ് ഈ വിരുതന്മാർ സമയത്തിനു ലാബിൽ കയറിയിട്ടുള്ളത് Rakesh സാറിന്റെ HAP ലാബിലാണ്. അതൊക്കെ ആയിരുന്നു ലാബ്!! ശ്വാസം വിടുന്നതുപോലും കുറ്റമായി മാറിയിരുന്ന ലാബ്. ഏതോ ഒരു അലവലാതി പറഞ്ഞ വിലകുറഞ്ഞ തമാശയ്ക്ക് ഒന്ന് ചിരിച്ചതിനു ഒരു ലാബ് മുഴുവനും Rakesh സാറിൽ നിന്നും outstanding performance award ഒക്കെ നേടി ആളാണ് ഞാൻ. കൂട്ടിനു സിഫാറും ഉണ്ടായി. "തൊലിപ്പുറത്തു ചുരണ്ടാനല്ല, കുഞ്ഞേ deep prick." ആ അലർച്ചക്കു മുന്നിൽ നെഞ്ചും വിരിച്ചു നിന്ന് നേരിട്ട ഞങ്ങളുടെ തലകറക്കിയതു skeletal system anatomy class ആയിരുന്നു.

വെപ്രാളം പിടിച്ചു ക്ലാസ്സിൽ ചെന്നപ്പോഴാ മനസ്സിലായെ, വൈകി വന്നവരെ ലാബിൽ കേറ്റുലാന്ന്. വേറെ വഴിയില്ലാതെ Limce മിസ്സിന്റെ കാൽ പിടിച്ചു ലാബിൽ കയറാൻ permission വാങ്ങി (മുൻവിധിയോടെ Limce മിസ്സിനെ ഭീകരിയായി വിചാരിച്ചു വച്ചിരുന്ന A-batch ന് മുന്നിൽ വെറും മാടപ്രാവായിരുന്നു കക്ഷി). പെട്ടന്നാണ് ആ നഗ്നസത്യം ഞങ്ങൾക്ക് ഓർമ്മവന്നത് ! slab spread sheet, lab towel, calculator മുതലായവയൊക്കെ വേണം. ഇതൊക്കെ എവിടെയാണോ എന്തോ !

ഇതൊന്നുമില്ലാതെ വെറും കയ്യോടെ ലാബിൽ കയറി emulsion ഉം suspension ഉം ointment ഉം ഒക്കെ dispense ചെയ്തിരുന്ന ഒരു കാലം ഞങ്ങൾക്കുണ്ടായിരുന്നു. Weighing balanceകളെ നോക്കുകുത്തികളാക്കി ഞങ്ങൾ university practicals ചെയ്തപ്പോൾ emulsion കടം തന്ന് ഞങ്ങളെ ജയിപ്പിച്ച മഹദ് വ്യക്തികളെ (Diya Jain) ഓർക്കുകയാണ്. official formula, calculated Quantity കളും കാറ്റിൽ പറത്തി പല പല preparation "submit your product" മണിനാദം കേട്ട് ഡപ്പയിൽ നിറച്ചു 4.5 മാർക്ക് വരെ നേടിയിരുന്ന Neema miss ന്റെ dispensing lab. പ്രിൻസിപ്പിൾ മാത്രം പഠിച്ച് വല്ലപ്പോഴും മാത്രം viva കൊടുത്തിരുന്ന ഞങ്ങളെ ഒറ്റ ദിവസം കൊണ്ട് 12 viva വരെ സാധ്യമായ ദിനങ്ങൾ!!

അടിമപ്പണിക്ക് വിധിക്ക പെട്ട Ajithaയും അടിമക്കണ്ണായി മാറ്റപ്പെട്ട Sifar ഉം വേറെ ഒന്നും പൊട്ടിക്കാൻ കിട്ടാത്തതു കൊണ്ട് അവസാനം pestle & mortar എടുത്ത് ഉരുട്ടി പൊട്ടിച്ച Densy യുമെല്ലാം Dispensing lab ന്റെ ഓർമ്മകളിൽ മായാതെ നിൽക്കുന്നു.



കൈയിൽ കിട്ടിയതെല്ലാം തപ്പിപ്പിറക്കി ലാബിൽ ഓടിക്കയറി. അപ്പോഴതാ അന്നത്തെ preparation. "Clear liquid shampoo". മണിക്കൂറുകൾ നീണ്ടുനിന്ന ampule sealing കഥകൾക്കു ശേഷം ഇങ്ങനെ ഒരുസാധനം കേട്ടപ്പോൾ ഇച്ചിരി ആശ്വസിച്ചു. പക്ഷെ എല്ലാം വെറുതെയായിരുന്നു...
ക്ഷമയുടെ നെല്ലിപ്പലകയിൽ കയറിനിന്നു അവൻ അവന്റ break dance തുടങ്ങി !

Accuracy ഉം precision ഉം നിറഞ്ഞു നിന്ന inorganic ലാബുകളും, analysis ലാബുകളും അവയിലെ weighing ബാലൻസുകളും പഠിപ്പിച്ച ക്ഷമയോളം വരില്ല ഇതൊന്നും. Volume makeup ചെയ്യലും turbidity കണ്ടുപിടിക്കലുമായി വട്ടുപിടിപ്പിച്ചിരുന്ന Limit test കളാണ് പെട്ടെന്ന് ഓർമ്മയിൽ തെളിഞ്ഞത്. അതെ inorganic university viva കഴിഞ്ഞതോടെ 'പഠിപ്പി batch' എന്നു ഞങ്ങൾ നാമകരണം ചെയ്യപ്പെട്ടു. അതിന്നു പ്രധാന കാരണം 3 വർഷമായി batchലെ topper ആയ ആഷി എന്നത് നഗ്ന സത്യം. പക്ഷെ അതെ university ക്ക് cognosy viva നൽകിയ ഗുണപാഠം Anila മോളും, അടിമക്കണ്ണും, ഞാനും മറക്കില്ല ഒരിക്കലും...
പച്ചക്കറി അരിഞ്ഞു കൂട്ടുന്നത് പോലെ section എടുത്ത നായരും, section ദേവീശാപം നേടിയ Aparnaയും sample leafൽ floral formula എഴുതി കൈമാറിയ Deepthiയുമെല്ലാം Nisha miss ന്റെ cognosy labലെ മായാത്ത മുഖങ്ങങ്ങളാണ്.

അങ്ങനെ കളിച്ചും ചിരിച്ചും സൊറ പറഞ്ഞും first ഇയർ കടന്നുപോയി. 'പിടിച്ചതിലും വലുതായിരുന്നു അളയിൽ' എന്ന അവസ്ഥയായി ഞങ്ങൾക്ക്. ഒരിക്കലും നേരെയാവാത്ത കളറിമീറ്ററും ഞങ്ങളും തമ്മിൽ നിരന്തരം ഗുസ്തി പിടിച്ച biochemistry ലാബും, വാർക്കപ്പണി, പഠിപ്പിച്ച നീബ മിസ്സിന്റെ technology ലാബിനുമെല്ലാം ഇടയിൽ ആകെയുള്ള ആശ്വസം നിർവികാര ജീവിയായ ഞങ്ങളുടെ സ്വന്തം മുത്ത് ജോൺ സാറിന്റെ കെമിസ്ട്രി ലാബുകളായിരുന്നു. Product cool ചെയ്യാൻ തരുന്ന ice cubes മറ്റുള്ളവരുടെ ഷർട്ടിന്റെ ഉള്ളിൽ ഇട്ടു കളിക്കലായിരുന്നു ഞങ്ങളുടെ പ്രധാന വിനോദം.

പാതിവഴിയിൽ കയറിക്കൂടിയ Elsa യും ലാബുകൾ അമ്യൂസ്മെന്റ് പാർക്കുകളാക്കി മാറ്റി. ഓരോ experiment ഉം ഓരോ പുതിയ റൈഡുകൾ. ഒറ്റയ്ക്ക് ആസ്വദിക്കാൻ ഇഷ്ടമല്ലാത്തതിനാൽ, റൈഡുകൾ പലപ്പോഴും സമരം ചെയ്ത് Group item ആക്കിയിരുന്ന ദിനങ്ങളും ഞങ്ങളെ കടന്നു പോയി. ഓടി തീർത്ത Micro ലാബിനെ പറ്റി പരാമർശിച്ചി ല്ലെങ്കിൽ ശരിയാവില്ല. അതിനു കാരണം കരച്ചിലിന് മാത്രം ലാബാക്കി അതിനെ മാറ്റിയ Diya മോളായിരുന്നു. പിടികിട്ടാപ്പുള്ളികളായ bacteria മഷിയിട്ടു കണ്ടുപിടിച്ചു രക്ഷപെടാൻ ഞങ്ങൾ നന്നേ വിയർത്തു. കൂട്ടത്തിൽ Sesuവിന്റെ slideൽ മാത്രം എന്നും Bacteria ഓടിക്കൊണ്ടിരുന്നു. ഇതിനെല്ലാമിടയിലും മേരി തോട്ടുവിന്റെയും Akshayയുടെയും Troll വധത്തിന് ഇരയായികൊണ്ടിരുന്നു. പക്ഷെ ഇവയ്ക്കെല്ലാമപ്പുറം ഞങ്ങളെ കാത്തിരുന്നത് 8 ന്റെ അല്ല 16 ന്റെ പണിയെടുപ്പിച്ച cology lab ആയിരുന്നു. തിന്നു തിന്നു വയർ പൊട്ടി സ്മൃതിയിലാണ്ടുപോയ കോഴിയുടെ ileum മുറിക്കാൻ Eggetarian ആയ നായർ മടിച്ചപ്പോൾ ഇതൊക്കെയെന്തു എന്ന മട്ടായിരുന്നു പലർക്കും..! ഒരുകാലത്തും balance ആവില്ലെന്ന് വെല്ലുവിളിച്ചു നിന്ന lever നെ അനുനയിപ്പിക്കാൻ കുറച്ചൊന്നുമല്ല പാടുപെട്ടത്. University exam ന് 20 marks challenge ബ്രേക്ക് ചെയ്ത Aparu വിനെ External പോലും പറ്റിച്ചു. അപ്പോഴാ ഒരു lever..!! ആ നേരെയാവാത്ത lever നെ പിടിച്ച് നിർത്തി അടിപൊളി Response ഒപ്പിച്ചെടുക്കുന്നതിൽ ഉണ്ണിയെ മറികടക്കാൻ ആരുമുണ്ടായില്ല. അതുകണ്ട് വാപൊളിച്ചു നിൽപ്പായിരുന്നു എന്നും ദീപ.

അങ്ങനെയതാ യാത്ര പറയാനുള്ള last bell നായുള്ള കാത്തിരിപ്പായി. 4 വർഷക്കാലത്തെ ജൈത്രയാത്രയ്ക്ക് അങ്ങനെ കർട്ടൻ വീഴാനൊരുങ്ങുന്നു. എറണാകുളത്തെ ഫാഷൺ കോളേജിൽ പഠിക്കാൻ എത്തിയവരും research എന്ന ഒറ്റവാക്കിൽ വീണുപോയ മഹാന്മാരും, പെട്ടുപോയ മഹതികളും, എല്ലാം പലവഴിക്കു പിരിയുന്നു.... ഇനി എവിടെ യെങ്കിലും വെച്ച് കണ്ടുമുട്ടാം എന്ന യാത്രാ മൊഴിയോടെ...
***നന്ദി..! സമ്മാനിച്ച എല്ലാ ഓർമകൾക്കും !!***

# നിനക്കായി...

പ്രാണനാഥാ നീയൊരു ആകാശമായിരുന്നെന്നും
പുലർവേളയിൽ ഒരു വെൺമേഘമായി
നീ എന്നും പുഞ്ചിരിച്ചു...

അനന്തമാമെൻ ഏകാന്തതയിൽ നിലാവായി
ഒഴുകിയെന്നേ തഴുകി...
നിൻ നിലാവിനാൽ എന്റെ ഹൃദയമാം താളുകളിൽ
ഒരു മാസ്മരദീപം കൊളുത്തി നീ....

എന്റെ ഹൃദയത്തിൻ തന്ത്രികളിൽ നിൻ നാദം
കേൾപ്പുഞാൻ...

നിൻ മൗനം എന്നിലെ മാത്രം വ്യഥകാല സ്വപ്നമായി
മായുന്നു...

നിൻ സ്വരം എന്നിലെ എന്റെ ജീവന്റെ
നാദമായി മാറി ആത്മാവിൽ പടരുന്നു.
നിൻ പുഞ്ചിരി എൻ കാതുകളിൽ ലോലമാം
നറുപുഷ്പമായി കാലം സാക്ഷിയായ് മാറുന്നു...

ഈ വേളയിൽ നിനക്കായി മാത്രം ബാക്കിവെച്ച
എന്നിലെ സ്നേഹം എന്നിലെ നിന്നിൽ ഒന്നായി
ലയിച്ച് ഒരാത്മാവായി ...
ഒന്നായ് മണ്ണിൽ ലയിക്കട്ടെ...



Swatha VS
D Pharm First Year



# ABUSED... NOT AGAIN...

Behind every muffled sob of girls
Whose fate pushed her to a life not to live
It is a silent prayer of the hooded eagles
To make her one amongst them.

Human eyes rejoiced her fate
To be abused by every look they shot her
To snatch away the tenderness in her heart
To see her life with none to love or to be loved.

A lost unknown, but well known by God.
When his angel is ripped apart by inhuman births
Her tears pour down as the rain
Thunder cursing all abuses.

If your eyes are not blinded with darkness
Don't you see her drowning in tears..?
Her eye blinded with fear
Their cries unheard by human life.

Dear, let the magical blue mountain
Lush green valleys
Inspire you to reach
The full potential of who you are.

Don't become a dead withered tree
That reaches for the warmth of a marmalade sun
But never grows
Have complete faith in yourself.

Shine like the stars,
That will pierce through the darkness
Of indigo night skies
I shall pray....

Don't let the darkness of the past define you
They are but growing pains along the journey
of the magnificient women,
You will become...



Amy Antony
B Pharm Third Sem



# A throwback to Signa 19

Vismaya A
B Pharm Fifth Sem

Signa എന്നത് 'Mass Electricity'യുടെ മന്ത്രം പോലെ 'നിസ്സാരം' എന്ന് വിചാരിച്ചുകൊണ്ടിരുന്ന ഞങ്ങളുടെ ഇടയിലേക്ക് ഇടിവെട്ട് പോലെയായിരുന്നു Signa 2019 YKnots സമ്മാനിച്ചത്. ജീവിതത്തിൽ വാശി എന്നത് എന്തെന്നറിഞ്ഞ നാളുകൾ. Signa എന്ന പേരിനേക്കാൾ കലോത്സവം എന്ന പേരായിരിക്കും ഉചിതം. ഞങ്ങളുടെ മണ്ടത്തരങ്ങൾ ചൊരിഞ്ഞു കൊണ്ടിരുന്ന ആ വേദിയിൽ പ്രൊഫഷണലിസം എന്തെന്ന് ഞങ്ങളറിഞ്ഞു. ഗായകർക്ക് പഞ്ഞമില്ലാത്ത 1st Sem ഉം പ്രാക്റ്റീസ് എന്ന കഠിന വ്രതത്താൽ ഞങ്ങളെ തകർക്കാൻ ശ്രമിച്ച 3rd Sem നും ഞങ്ങൾ മറുപടി നൽകിയത് Signa Champions എന്ന പട്ടം വാങ്ങിയാണ്.

'നിറമില്ലാത്ത നിമിഷങ്ങൾ നിറമണിഞ്ഞ ദിവസം'.

Signa എന്ന് 24 മണിക്കൂറും ജപിച്ചുകൊണ്ടിരുന്ന 1st Sem ന്റെയും 3rdSem ന്റെയും ഇടയിൽ Sessionals എന്ന് മന്ത്രിച്ചു കൊണ്ടിരുന്ന ഞങ്ങൾ. 'വെടിക്കെട്ടുകാരനെ ഉടുക്ക് കൊട്ടി പേടിപ്പിക്കേണ്ട' എന്ന് മൊഴിയാതെ മൊഴിഞ്ഞു Sessionals എന്ന വീരനെ നേരിട്ടു.

അങ്ങനെ ആ ദിവസം വന്നെത്തി Signa 19..! ചങ്കിടിപ്പ് കൂട്ടുന്ന ദിനങ്ങൾ. Badminton ഞങ്ങൾ girlsന് അമ്പിളിമാമനായപ്പോൾ അതിനെ കൈകളിലേക്ക് വച്ച് തന്ന badminton രാജാക്കന്മാരായി boys മാറുകയായിരുന്നു. മലയാളം പ്രസംഗത്താലേ കുഴൽക്കിണറിൽ അകപ്പെട്ട ജൂബിയെ ചന്ദ്രയാനിൽ എത്തിക്കാൻ പാടുപെട്ട ഞങ്ങൾക്ക് അവളെ ഉപേക്ഷിക്കേണ്ടി വന്നത് കാക്ക കണ്ടറിഞ്ഞു കൊക്ക് കൊണ്ടറിഞ്ഞപ്പോഴാണ്. Knock outzനെ പോലും വിസ്മയിപ്പിച്ച Recitation താരമായ നന്ദനയുടെ സ്ഥാനം തൊടാൻ പോലും ആർക്കും സാധിച്ചില്ല. 'പട്ടിയുടെ വാൽ പന്തീരാണ്ടു കൊല്ലവും കുഴലിൽ ഇട്ടാലും നിവരില്ല' എന്ന ടോപ്പിക്കിന് സ്വന്തം ജീവിതത്തിൽ നിന്നും മണിമുത്തുകൾ പെറുക്കി ജഡ്ജസിനെ പോലും അമ്പരിപ്പിച്ച സത്യസന്ധനായ ഞങ്ങളുടെ Yassar.



3rs Sessional എന്ന വില്ലൻ തകർക്കാൻ ശ്രമിച്ചപ്പോഴും ചന്തുവിനെ തോൽപ്പിക്കാൻ ആവില്ല മക്കളെ എന്ന് പറഞ്ഞ chunks.

'മതവും മദവും' എന്ന ടോപിക്കിന് Ph.D. എടുത്ത ഗായത്രി. Slow english മുഖമുദ്രയാക്കി ലുലു പോരാടിയപ്പോൾ ചിത്രകലാരംഗത്തെ പ്രതിഭകളായി Viskuഉം Swethaയും മാറി. Off Stageന്റെ മൂന്നാംദിനം ലീഡ് തകർന്ന ഞങ്ങളെ പതുങ്ങിയ പുലികളായി കരുതിയവർക്കുനേരെ 'പുലി പതുങ്ങുന്നത് ഒളിക്കാനല്ല, മറിച്ചു കുതിച്ചുചാടാനാണ് എന്ന് ഞങ്ങൾ കാണിച്ചുകൊടുത്തു.

അങ്ങനെ ഒളിംപിക്സിന്റെ നാളുകൾ വന്നെത്തി. എലിക്കുട്ടികളായിരുന്ന ഞങ്ങളുടെ boys പുലിക്കുട്ടികളായി മാറി. ചീറ്റപ്പുലിയെ പോലെ ചീറികുതിച്ചപ്പോൾ ഞങ്ങൾക്ക് കിട്ടിയത് ഇരുന്നൂറോളം മാർക്കിന്റെ ലീഡ് ആയിരുന്നു. Relay boys ന് കയ്പ്പേകിയപ്പോൾ girls ആ കൈപ്പിനെ മധുരമാക്കി മാറ്റി. കഴിഞ്ഞ Signaയ്ക്ക് ഞങ്ങൾക്ക് ലഭിച്ച ഇണക്കുയിലുകളാണ് Krishnapriya-Godwin. Discuss throwയിലൂടെ റാഹിൽ ഇക്കയുടെ തല തകർക്കാൻ ജാവലിൻ താരം കൃഷ്ണപ്രിയ ശ്രമിച്ചപ്പോൾ ഡിസ്കസ് ത്രോയെ ഡിസ്കോ ഡാൻസ് ആക്കി മാറ്റാൻ ഗോഡ്വിൻ ശ്രമിച്ചു. ഫുട്ബോൾ എന്താണെന്ന് പോലും അറിയാത്ത ഞങ്ങൾ പലർക്കും അത് എന്തെന്ന് മനസ്സിലാക്കി തരുന്നതായിരുന്നു 5th sem-1st sem football. ഇഞ്ചോടിഞ്ച് പോരാട്ടത്തിൽ 1st sem ജേതാക്കളായപ്പോൾ ഞങ്ങൾ തകർന്നില്ല, കാരണം പെനാൽറ്റി വരെ എത്തിച്ച ഞങ്ങളുടെ ചങ്കിടിപ്പായ boysനെ തൊഴാൻ തോന്നിയ ദിവസമായിരുന്നു അത്.

തെക്കോട്ട് നോക്കി ഓടി മുന്നേറിയ Katta (Athul) വടക്കോട്ട് നോക്കാത്തതിൽ നഷ്ടമായത് 400m race. 'If you do the work, you get rewarded' എന്ന തത്വം ഹൃദയത്തിൽ ചുടുരക്തമായി ഒഴുക്കി Sports champion പട്ടം Katta കരസ്ഥമാക്കിയപ്പോൾ girls championship ആതിരയും കരസ്ഥമാക്കി.

Artsന്റെ തലേദിവസം തികച്ചും ഷോക്കേറിയതായിരുന്നു. ഫർസാന ഇത്തയിലൂടെ ഞങ്ങളറിഞ്ഞ സത്താറിക്ക ഞങ്ങളെ വിട്ടുപിരിഞ്ഞുപോയി. ആ സ്നേഹദീപത്തിനു മുന്നിൽ ഒരായിരം പ്രണാമം അർപ്പിച്ചു ഞങ്ങൾ കയറി.... ആർട്സ് ഡേയുടെ പടവുകൾ...

ആതിരയുടെ കഠിന ശിക്ഷണത്തിൽ 'തിരുവാതിര' പൊലിപൊലിച്ചപ്പോൾ മാസ്റ്റർ പീസ് ആയി മാറിയത് ഗ്രൂപ് ഡാൻസ് ആയിരുന്നു. കൂടെ പപ്പടക്കാരി ഗോപികയും, Rosemary-Anakha, Visku-Veena എന്ന പെയർ ഡാൻസ്കാരും Golda-Grace എന്ന Step N Synchroയും ചേർന്നപ്പോൾ ഓളങ്ങൾ അലതല്ലി തുടങ്ങി.

ശബ്ദത്തെ കൊണ്ട് മാന്ത്രികത തീർത്ത Duetകൾ. നീണ്ടകാലത്തെ കഷ്ടപ്പാട് Skitന്റെ രൂപത്തിൽ എതിരാളികളില്ലാതെ വേദിയിൽ നിറഞ്ഞുനിന്നതിനൊപ്പം പുഞ്ചിരിയുടെ മണിമുത്തുകൾ പാകിയ ഒപ്പന ടീം കാണികൾക്ക് ഇമ്പമേകി. എന്തിനും ഏതിനും ഞങ്ങളുണ്ടെന്ന് ധൈര്യം തന്ന ഞങ്ങളുടെ സ്വന്തം രാഖി, ജോമോൻ, വിഷ്ണു..! ഓണത്തിന് വടംവലി പോലെ ഞങ്ങളുടെ തറവാട്ട് സ്വത്തായിരുന്നു Adzap. വിനീത് ശ്രീനിവാസനായി ആൽബിൻ മാറിയപ്പോൾ, ഷൈൻ നിഗമായി ഗോഡ്വിനും, സന്തോഷ് പണ്ഡിറ്റായി യാസ്സറും തിളങ്ങി. ഞങ്ങളുടെ ചോക്ലേറ്റ് പയ്യൻ ആർട്സ് ചാമ്പ്യൻ ആയതോടെ തൃശൂർ പൂരത്തിന് തുടക്കമായി.

The great YKnotsന്റെ സാന്നിധ്യത്തിൽ കരഘോഷങ്ങളാൽ ആവേശമുയർത്തിയ ജൂനിയേഴ്സിന്റെ ഇടയിലൂടെ Overall Championshipഉം YKnots സ്പോൺസർ ചെയ്ത Athul Sathar Memorial Everrolling Trophyയും അഹങ്കാരത്തോടെ ഉയർത്തിയപ്പോൾ ഭൂമിയിലെ സ്വർഗം ഞങ്ങൾ കണ്ടു. ഏറെ നാളത്തെ കഷ്ടപ്പാടിന്റെ പ്രതിഫലം.

*എങ്കിലും ഉള്ളിൽ ഒരു വിങ്ങൽ.. അടുത്ത വർഷം ഇതിനാവില്ലല്ലോ..*


Signa '19
Arts and sports meet
DANCE
MUSIC
CHRISTMAS'19
SPORTS
DRAMA





# മധ്യതിരുവിതാംകൂർ

ഈ കഥയുടെ തുടക്കം ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല..! അങ്ങ് രണ്ടായിരത്തിപതിനാറിലാണ്.... എന്ത് എവിടെ ഏങ്ങനെ എന്നറിയാതെ നിന്ന ഞങ്ങളുടെ B ബാച്ചിനെ ഇരുകൈകളും നീട്ടി വരവേറ്റത് ഞങ്ങളുടെ നിഷ മിസ്സിന്റെ കോഗ്നോസി ലാബ് ആയിരുന്നു. തലയരിഞ്ഞു വീഴ്ത്തുന്ന ഗൗരവത്തോടെ ഞങ്ങൾ അരിഞ്ഞുവീഴ്ത്തിയ ഓരോ സെക്ഷനുകളെയും കറിക്കരിഞ്ഞ കഷ്ണങ്ങൾ എന്ന് പറഞ്ഞു പുച്ഛിച്ചു തള്ളിയ ദിനങ്ങൾ. ഇതൊന്നും ഞങ്ങൾ മധ്യതിരുവിതാംകൂറിന് ഒരു പ്രശ്നമേ ആയിരുന്നില്ല.

ഞങ്ങൾ 15 പേര് അടങ്ങുന്ന പെൺപടയെ മുന്നിൽ നിന്ന് നയിക്കുന്ന, എന്തിന് കട്ടപ്പയെ പോലെ എന്തിനും കട്ടയ്ക്ക് കൂടെ നിൽക്കുന്ന 5 പോരാളികളുടെയും കഥയാണിത്... 'മധ്യതിരുവിതാംകൂർ'. Record കളും ടീച്ചർമാർ എയ്തു വിടുന്ന Viva എന്ന അമ്പുകളുമായും ദിവസവും മല്ലിടുന്ന A Batchഉം അംഗബലത്തിലും ഉഴപ്പിലും മുൻപന്തിയിൽ നിൽക്കുന്ന C Batchഉം ആയിരുന്നു ഞങ്ങളുടെ അയൽരാജ്യങ്ങൾ.

പരസ്പരം കുത്തി നോവിച്ചും, ചോര കണ്ട് അറപ്പ് മാറിയും, രാകേഷ് സാറിന്റെ ഗെറ്റ് ഔട്ട്കൾക്ക് ഇരകളായ ഗൗതവും കെസിയയും, പേടിപ്പെടുത്തുന്നതും എന്നാൽ ഒരുപാട് രസകരമായ ഓർമ്മകൾ സമ്മാനിച്ച ഒരു യുദ്ധഭൂമിയായിരുന്നു HAP ലാബ്.

2nd ഇയറിലേക്കുള്ള ചുവടുവെപ്പിൽ ഞങ്ങളോട് വേർപിരിഞ്ഞു എൽസ മറുകണ്ടം ചാടിയപ്പോൾ ആ കുറവ് നികത്താൻ silent bhuji നവാസ് എത്തി. എന്നാൽ നവാസിന്റെ ആ ചീത്തപ്പേര് ഞങ്ങൾ മാറ്റിയെടുത്തു.

Emiliയുടെ നുണപറച്ചിലും അതിന്റെ സ്ഥിരം ശ്രോദ്ധാക്കളായ ഫസ്ന, ഫാത്തിമ, ഫേബയും, ജിതിന്റെ പ്രഭാഷണങ്ങൾക്ക് ഒന്നും മനസ്സിലാവാതെ തലയാട്ടുന്ന Gliginഉം, ഗായത്രിയും Organic ലാബിലെ Ice bomb ഉം, മിസ്സിന്റെ കണ്ണുവെട്ടിച്ചുള്ള ചീട്ടുകളിയും, കള്ളക്കണക്കിന്റെ ceutics ലാബും tech ലാബും, burette കൊണ്ടുള്ള വെടിവെപ്പും, കസേരകളിയും ആകെ വെടിയും പുകയും നിറഞ്ഞതായിരുന്നു 2nd ഇയർ ലാബ്. ഇതിന് എരിവും പുളിയും കൂട്ടിയത് ഞങ്ങളുടെ biochemistry ലാബിലെ മാങ്ങാ തീറ്റ ആയിരുന്നു.

ലൈബ്രറിയിലെ ബുക്കുകൾക്ക് പകരം ഞങ്ങൾ അധികം വായിച്ചത് ക്യാന്റീനിലെ പറ്റുബുക്ക് ആയിരുന്നു. ഇത് മനസ്സിലാക്കിയ മിസ്സുമാർ തന്ത്രപരമായി എല്ലാവരുടെയും ലൈബ്രറി പീരീഡ് കട്ട് ചെയ്തു. ആ ബാച്ചില ബോയ് സിന്റെ പേടി സ്വപ്നമായിരുന്നു ഞങ്ങളുടെ ഗുണ്ടാ ജിസ്ന.

BP ലാബിൽ ഞങ്ങളുടെ രക്ഷകയായി എത്തിയിരുന്നത് കൃഷ്ണ ആണ്. ഏത് experimentsന്റ calculation ഉം ഗ്രാഫ് ഉം എപ്പോ ചോദിച്ചാലും കൃഷ്ണയുടെ കയ്യിൽ കാണാതിരിക്കില്ല. കണ്ണുതെറ്റിയാൽ കുരുത്തക്കേട് കാണിക്കുന്ന ഞങ്ങളുടെ Tomഉം Jeri ഉം ആണ് Keziaഉം Gouthamഉം. മാവേലി വർഷത്തിൽ ഒരിക്കൽ ആണെങ്കിൽ Junaidന്റെ കാര്യത്തിൽ അത് മാസത്തിൽ ഒന്നോ രണ്ടോ ആണ്.



മധ്യതിരുവിതാംകൂറിലെ ആസ്ഥാന നർത്തകൻ ആണ് മെൽബിൻ.

Analysis ലാബിൽ വൈകി വന്ന് വാതലിന്റെ അടുത്ത് നിന്ന് ചിരിച്ചു കാണിക്കുന്ന മെറിൻ ഒരു സ്ഥിരം കാഴ്ചയാണ്.

സ്ലൈഡ് കുത്താതെ ലാബിൽ കയറരുതെന്ന് വിധിക്കപ്പെട്ട റാഹിലും, experiment ആദ്യം ചെയ്ത് തീർക്കുകയും എന്നാൽ താൻ ചെയ്തത് പൊട്ടത്തരമാണെന്നു അവസാനം തിരിച്ചറിയുന്ന മുസല്ലമയും, വർത്തമാനം പറയാനായി ഓരോന്ന് കലക്കികൂട്ടി വയ്ക്കുന്ന ഞങ്ങളും, അക്ക്യൂറസി ആണ് പ്രധാനം എന്ന് പറഞ്ഞു എല്ലാം ചെയ്തു തീർക്കുന്ന മിലുവും, ബ്ലേഡ് എടുത്ത് അങ്കം വെട്ടി സെക്ഷനുകൾ ചെത്തിക്കൂട്ടുന്ന കൃഷ്ണപ്രിയയും അതിൽ നിന്ന് അടിച്ചുമാറ്റി A ഗ്രേഡ് വാങ്ങുന്ന ഞങ്ങളും, ബി ബാച്ചിന്റെ സ്വന്തം പേർളി മാണിയും... മുടിയിൽ താജ് മഹൽ പണിഞ്ഞു വന്നിരുന്ന ഗൗരിപ്രിയ ഒരു ദിവസം മുടി സ്ട്രൈറ് ചെയ്ത് തരംഗം സൃഷ്ടിച്ചു.

ഗ്രൂപ്പുകളായി തിരിഞ്ഞു ലാബ് ചെയ്യുന്ന വേളകളിൽ നാശനഷ്ടങ്ങൾ പതിവായിരുന്നു. അതിൽ എടുത്തു പറയേണ്ടിയിരുന്നത് ഒന്നാണ് കോഗ്നോസി ലാബിലെ condenserന്റെ വധം. അപ്പുറത്തെ ഗ്രൂപ്പിലെ Gligin oven ന്റെ അടുത്ത് നിന്ന KPയും condenserന് ചുറ്റും നിന്ന എല്ലാവരും അന്ന് കുറ്റവാളികളായി. അതും പോരാത്തതിന് ആവശ്യാമില്ലാതെ സ്വിച്ചിൽ പിടിച്ച മർത്തി കോളേജിനെയും ഇരുട്ടിലാക്കി.

ഞങ്ങൾ ഒരുമിച്ച് കയറിയിറങ്ങിയ ലാബുകളും, പണിഞ്ഞുതീർത്ത കഥകളും, തമാശകളും, കളിയും ചിരിയും എല്ലാം ഓർക്കുമ്പോൾ അവ ഞങ്ങൾക്ക് സമ്മാനിക്കുന്നത് നനവുള്ള പുഞ്ചിരികളാണ്...

THE END..!



Merin George
B Pharm Final year



Krishnapriya KB
B Pharm Final year

*"There are many things in life that will not only learn in the four corners of the classroom: friends sometimes are the best teacher of life experiences."*



# THE REFLECTION

The reflection in the windows stares back at me,
As I look out, pretending not to see
And as the ghost in between illusion and reality,
He has no bravado nor variety.


The reflection in the window stares back at me
The glass, separating this illusion and the reality,
The portal to a surreal version of an insatiable me
Its transparency transcending that imaginery.

A mirror reflecting my own deepest passion,
A self obsession, that to the blood is poisonous
The reflection in the windows smiles back at me
As I walk away from it, it ceases to be
The reflection follows me....



Eby Elias
D Pharm First year





# കല്പകവൃക്ഷം




Saritha KS
D Pharm First Year

എങ്ങുമേ തിങ്ങി നിറഞ്ഞു കണ്ടു
ഈ കേരളം പാതിയും കല്പകവൃക്ഷം
അന്തിയിൽ ചെഞ്ചുറ്റമോടെ
നീ പൃഥ്വിയിൽ
ആർദ്രനായ് ദീതനായ്
അഗ്രഗണ്യൻ
കുഞ്ഞിത്തൈ നട്ടു
നനച്ചീതിപ്പോൾ ഒരു
കൂറ്റൻ കൊടിമരം ആകയാലെ

ക്ഷിപ്രപ്രയാണം നടത്തിയതിൻ മുന്നിൽ
സാഷ്ടാംഗം കൈകൾ നാം കൂപ്പിടേണം
അടിമുതൽ മുടിവരെ വേണമെന്നാലും
എന്നും നാട്ടപ്പൊരിചൂടിൽ
അനാഥനാണ്...

ഇല്ല കൊടുക്കില്ല തണ്ണീർ
അവൻ തേവി...
ഉഷ്ണത്തിലും ഇവൻ
ജീവനാഡി...
നഷ്ടപ്പെടുന്നു നിൻ
ഒന്നൊന്നാകെയാൽ
കഷ്ടപ്പെടും നിൻ തലമുറകൾ...!



# ഇരുപതാം നൂറ്റാണ്ട് !

നീ വെട്ടിതെളിച്ചൊരുക്കി തന്ന വഴികൾ ഇന്നെനിക്ക് അപരിചിതമായി തോന്നുന്നു. എന്റെ യാത്രയിലൂന്നിയിരുന്ന ലക്ഷ്യങ്ങളും ഇന്നെനിക്ക് അപരിചിതം. ശത്രുവിനെയും മിത്രത്തെയും തിരിച്ചറിയാനാവാത്ത വിധം ഇരുട്ട് എന്നെ മൂടിയിരിക്കുന്നു. എന്താണ് സംഭവിച്ചത് എന്ന ചോദ്യത്തിനുത്തരം ഞാൻ കണ്ടുപിടിച്ചു. നിന്റെ പ്രവർത്തി കണ്ടെത്തി തന്നു 'വാളെടുത്തവൻ വാളാൽ'. അതാണു സംഭവിച്ചത്.


എനിക്കെന്നോടുതന്നെ തോന്നുന്ന വികാരം - സഹതാപം..! യുദ്ധക്കളത്തിൽ ആയുധം നഷ്ടപെട്ട് നിൽക്കുന്ന നിസ്സഹായനായ പടയാളിയും ഞാനും അനുഭവിക്കുന്നത് ഈ വികാരം തന്നെയല്ലെയെന്നു തോന്നിപോകുന്ന നിമിഷങ്ങളാണ് എനിക്കിപ്പോഴുള്ളത്. പൂത്തു തീരും മുൻപേ കൊഴിയാൻ പോകുന്ന ഈ വേളയിൽ നഷ്ടപെട്ട സുവർണ്ണ കാലത്തെ വീണ്ടെടുക്കാനുള്ള ശ്രമത്തിലാണ് ഞാൻ. എനിക്കതിന് കഴിയുമോ? അറിയില്ല!

ഇരുപതാം നൂറ്റാണ്ട്! ലോകത്തിന് വലിയൊരു നാഴികക്കല്ല് പാകിയ നൂറ്റാണ്ട്. എന്റെ ജീവിതത്തിന്റെ കാലചക്രം നീങ്ങിത്തുടങ്ങിയത് അന്നാണ്. എന്റ പാദമുദ്ര സുവർണ്ണ ലിപികളിൽ പതിപ്പിച്ചത് അന്നാണ്. ലോകം എന്റെ ശ്രേഷ്ഠതയെ പ്രകീർത്തിച്ചു തുടങ്ങിയത് അന്നാണ്. ഞാൻ - 'opposing life' പിറവിയെടുത്തതും അന്നാണ്.

ആരാലും കാണപ്പെടാതെ ചേറുപുതച്ച മണൽ തരികളിൽ വിഹരിച്ചിരുന്ന ഞാൻ അന്നു മുതൽ പല 'scope' കളുടെയും കീഴിലായി. എത്ര കണ്ണുകളാണ് ജിജ്ഞാസയുടെയും അവിശ്വസനീയതയുടെയും നിറവിൽ എന്നെ വീക്ഷിച്ചിരുന്നത്? 'AF' നിങ്ങളാണെന്റെ ദൈവം! നിങ്ങളില്ലായിരുന്നുവെങ്കിൽ ഈ ലോകത്തിൽ വീണ ഭീതിയുടെ വിള്ളൽ എനിക്കൊരിക്കലും അടക്കുവാൻ സാധിക്കുമായിരുന്നില്ല.



എന്റെ സൃഷ്ടിക്കുപിന്നിൽ എന്നെക്കാളുപരി ഈ ലോകജനത നിങ്ങളോട് കടപ്പട്ടിരിക്കുന്നു. 'മുള്ളിനെ മുള്ളുകൊണ്ടെടുക്കുക' എന്ന ആരും ഓർക്കാതിരുന്ന പ്രയോഗം നിങ്ങൾ എന്നിലൂടെ സ്വായത്തമാക്കി. ആർക്കും എത്തിപ്പെടാനാവാതിരുന്ന കോശകലകളുടെ അടിത്തട്ടിലെ അനന്തഗർത്തങ്ങളിലേക്ക് സഞ്ചരിക്കാൻ എനിക്കു പാതയൊരുക്കി അവിടെ കൊടികുത്തി വാണിരുന്നവരുടെ വിഷപ്പല്ലൊടിക്കാൻ എന്നെ കെൽപ്പുള്ളവനാക്കി. ശക്തിക്ഷയിക്കുന്ന വേളയിലും എന്നെ ശക്തനാക്കി. അങ്ങനെ അജ്ഞതയുടെ ഇരുട്ടിൽ നിന്നും വെളിപാടിന്റെ വെളിച്ചത്തിലേക്ക്, കാൽപനികതയിൽ നിന്നും യഥാർത്ഥ്യത്തിലേക്ക്, പല രൂപത്തിലും ഭാവത്തിലും ഞാൻ യാത്ര തുടരുന്നു. ആ യാത്രയിൽ നിനക്കെന്നോടുള്ള കടപ്പാടുകൾ പല പരീക്ഷണശാലകളിലും എന്നെ കയറ്റി ഇറക്കി. വർഷങ്ങൾ മാറി, മാസങ്ങൾ, മാസങ്ങൾ മാറി



ദിവസങ്ങൾ, അതുമാറി നിമിഷങ്ങൾ എന്റെ മുഖപടം മാറ്റിയെഴുതിക്കൊണ്ടിരുന്നു. പുതിയ ഘടന, നിറം എല്ലാത്തിലുമുപരി പുതിയ പല ദൗത്യങ്ങൾ, നിഗമനങ്ങളും കണ്ടെത്തലുകളും എന്റെ പ്രഹര ശേഷിയുടെ മൂർച്ച കൂട്ടി കുനമ്പുകളാക്കി എറിയവേ തറച്ചു നിൽക്കാനുള്ള എന്റെ ശക്തി ക്ഷയിച്ചുകൊണ്ടിരുന്നതവനിറഞ്ഞില്ല. തെളിഞ്ഞ മാനത്തെ അജ്ഞതയുടെ കാർമേഘം മൂടിയിരുന്നത് അറിയുവാനും വൈകിപ്പോയി. തിരക്കുകളുടെ ഒരറ്റത്തു നിന്നും മറ്റൊന്നിലേക്ക് പായുന്ന പാച്ചിലിൽ അമൃതും വിഷവും കലർന്നു പോയത് ആരും അറിഞ്ഞില്ല.....

അറിയാൻ ശ്രമിച്ചില്ല എന്ന് പറയുന്നതാകും ശരി. വേർതിരിച്ചെടുക്കാനാവാത്ത ആ കലർപ്പാണ് എന്നെ ഞാനല്ലാതിക്കിയത്. ശരീരം ഒരു മഹായുദ്ധക്കളമാക്കിയിരുന്ന, വിഷഹാരികളെ വിറപ്പിച്ചിരുന്ന എന്റെ വരവിനായി അവർ കാത്തിരിക്കുന്നു. കൂടുതൽ ആരവങ്ങളോടെ കൂടുതൽ ശക്തിയാർജിച്ച എന്തിനാണെന്നോ മൂർച്ചയില്ലാത്ത തുരുമ്പെടുത്ത ആയുധം ഒരു പാഴ്വേലയാണെന്ന് എന്നോടു പറയാൻ.

ഒരു കാലത്തു നിന്റെ മരണക്കുരുക്കഴിച്ച് ജീവിതത്തിന്റെ പടികയറ്റി വിട്ടവനാണു ഞാൻ നിന്റെ കൈ തലങ്ങൾക്കുള്ളിൽ എന്നും ഞാനുണ്ടായിരുന്നു. അവിടെ ഞാൻ സുരക്ഷിതമായിരുന്നു. അല്ല, നിന്റെ സുരക്ഷയ്ക്കു വേണ്ടിയായിരുന്നു എന്ന യാഥാർത്ഥ്യം ഈ ചവറ്റുകുട്ടയിൽ കിടന്ന് ഇന്നു ഞാൻ മനസ്സിലാക്കുന്നു. എനിക്കു സംഭവിച്ചതിന്റെ യഥാർത്ഥ കാരണമെന്തെന്ന ചോദ്യം ഉത്തരമാക്കി ത്തന്നത് എനിക്ക് മുന്നിൽ വീണ പത്രതാളാണ്. അതെന്നോടു മൊഴിഞ്ഞു ഞാൻ മാത്രം കേൾക്കുവാനായി.

കാരണം ആ സത്യം തിരിച്ചറിയുന്ന അവസാനത്തെ കണ്ണി ഞാനായിരുന്നു...

Resistance to antibiotics risk health :
'Catastrophe' !



**Deepthi S Manisha**
B Pharm Final year

# ചായേം പരിപ്പുവടേം

ചായ പരിപ്പുവട - എന്നും എന്റെ പ്രിയപ്പെട്ടവ. ഒന്നാം ക്ലാസ്സിലേക്ക് ആദ്യമായി ചെന്നതാണ് ഇപ്പോൾ ഓർമ്മ വരുന്നത്. ഒരു നീല സിൽക്കിന്റെ ഉടുപ്പായിരുന്നു എന്റേത്. ഏതോ കുസൃതി ചെക്കൻ എന്റെ മുടിയിൽ പിടിച്ചു വലിച്ചതും, ഞാൻ കരഞ്ഞതും, ആശ്വസിപ്പിക്കാനായി ടീച്ചർ എനിക്ക് മിഠായി തന്നതെല്ലാം ഓർക്കുമ്പോൾ.... ഒരു പക്ഷെ താൻ എന്താണ് അന്ന് പ്രതികരിക്കാതിരുന്നതെന്ന് എത്ര ആലോചി ച്ചിട്ടും പിടി കിട്ടുന്നില്ല. ഇന്നെങ്ങാനും ആയിരു ന്നെങ്കിൽ.... അന്ന് രക്ഷകയായി എത്തിയ ടീച്ചറിന്റെ പോലത്തെ മുഖം പിന്നീട് കണ്ടിട്ടില്ല.

ഓർമ്മകൾ തിരഞ്ഞുപിടിക്കുമ്പോൾ ആദ്യം കൈയിൽ തട്ടുക നിറവും, മണവും ഉള്ള തായിരിയ്ക്കും. നിറവും മണവുമുള്ള ഒരു കഴിഞ്ഞകാലം. വീണ്ടും മുന്നിൽ വന്ന് നിൽക്കുമ്പോൾ നിറയെ പൂക്കളും തുമ്പി കളുമുള്ള മുറ്റവും, അവശേഷിക്കപ്പെട്ട മടലിന്റെ സ്റ്റമ്പും, എല്ലാ ശബ്ദങ്ങളെക്കാളും കീറിമുറി ക്കപ്പെടുന്ന പല നിശ്ശബ്ദതകളും.

വലിയ വലിയ സ്വപ്നങ്ങളുള്ള 12 പേർ. സ്വപ്നസാഫല്യത്തിനായി കഷ്ടപ്പെട്ട് കൂർക്കം വലിച്ചുറങ്ങുന്നവർ. എന്തുകൊണ്ട് ഒരാൾക്ക് പകരം മറ്റൊരാൾക്ക് ഉറങ്ങാൻ പറ്റുന്ന വിദ്യ ശാസ്ത്രലോകം ഇതുവരെ കണ്ടുപിടിച്ചില്ല..? അങ്ങനെയെങ്ങാൻ സംഭവിച്ചിരുന്നെങ്കിൽ.... ഉറക്കം എത്രയോ സുന്ദരം..!

പരിപ്പുവടയുടെ സ്വാദ് ഏറുന്തോറും ഓർമ്മകൾക്കും രുചിയേറുന്നു. ഒരാളുടെ ജീവിതത്തിലെ സുവർണ്ണകാലം... 'കോളേജ്'. അഹംഭാവമില്ലാത്ത ഒരു ക്ലാസ്സ്. പഠനത്തിൽ മത്സരമില്ല, പരസ്പരം കുശുമ്പുമില്ല (പഠനത്തിന്റെ കാര്യത്തിൽ). പേനയ്ക്കും പുസ്തകങ്ങൾക്കും പകരം തേൻമിഠായികളും, സിപ്പ് അപ്പും കൊണ്ടുവരാനിഷ്ടപ്പെടുന്നവരുടെ ലോകം.

ഒരു പരിപ്പുവട തീരുന്നതിനേക്കാൾ വേഗം തീർന്ന ആ നാളുകൾ എനിക്കു മുൻപിൽ വച്ചു നീട്ടിയത് കുറെയേറെ വഴികളായിരുന്നു. ഞാനാ വഴികളിലൂടെ സഞ്ചരിക്കവേ ഇടവഴികളി ലെപ്പോഴോ ഒരാശ്ചര്യമായി പല മുഖങ്ങളും പ്രത്യക്ഷപെട്ടു. സൗഹൃദത്തിന്റെ... പരീക്ഷ കളുടെ... പ്രണയത്തിന്റെ...!

ജീവിതത്തിൽ ഒരിക്കൽ നഷ്ടപെട്ട സന്ദർഭങ്ങൾ പിന്നീട് എപ്പോഴെങ്കിലും മറ്റൊരു രൂപത്തിൽ, ഭാവത്തിൽ നമ്മുടെ മുന്നിൽ വന്നു നിൽക്കും. 'താങ്കൾക്ക് കഴിയുമോ' എന്ന ചോദ്യം എന്നെ വീണ്ടും പഴയ വിദ്യാർത്ഥിനിയാക്കി . ആ ഇന്റർവ്യൂ റും, സ്റ്റാഫ് റും ആയി. എന്റെ ബയോഡാറ്റ പ്രോഗ്രസ്സ് കാർഡ് ആയി. അന്ന് പറയാനാകാത്ത മറുപടി തികഞ്ഞ ആത്മ ധൈര്യത്തോടും, അന്നുണ്ടായിരുന്ന പുഞ്ചിരി യോടും കൂടി ഞാൻ വിളിച്ചു പറഞ്ഞു. 'എനിക്ക് കഴിയും'. മറുപടിയായി വന്ന വാക്കുകളൊന്നും എന്റെ ചെവികൾ ശ്രവിച്ചില്ല. എന്റെ ചിന്തകൾ ഒരുപാട് വർഷങ്ങൾ പിറകിലേക്ക് ഓടി. 4 വർഷവും ഒന്നായി കൂടെയുണ്ടായിരുന്നവർ.. എന്നും നിഴലായി ഒപ്പമുണ്ടായിരുന്നവർ... അവരാണ് എന്നെ ഇതിനു പ്രാപ്തരാക്കിയത്.

തണുത്തുറഞ്ഞ പാതി തീർന്ന പരിപ്പുവടയ്ക്കും പറയുവാൻ ഉണ്ടേറെ. ഓർമ്മ കളുടെ സ്വാദ് പകരാൻ എന്നും അവ എനിക്കൊപ്പമുണ്ട്.



Emilia Anil
B Pharm Final Year





## CHEM കേമം 2019

A tribute to Tyrants..



Elsa Bino
B Pharm Final Year

Chemകേമം 2k18...... പ്രളയം കവർന്നൊരു ഓണ പുലരി. പ്രതീക്ഷകളും ആഘോഷരാവുകളും മുങ്ങി യൊലിച്ചുപോയ കഴിഞ്ഞ ഓണത്തിന്റെ ഒന്നൊന്നര hang overൽ നിന്നും തിരിച്ചു വരുന്നതേയുള്ളു. ഭയത്തോടുകൂടിയാണ് ഞങ്ങൾ ഈ ഓണത്തെ വരവേറ്റത്. കാരണം ഇക്കുറി ഒട്ടും തന്നെ മോശമല്ലായിരുന്നല്ലോ. പ്രാർത്ഥനയോടും സംയമനത്തോ ടെയും നേരിട്ട ദിനങ്ങൾക്ക് ഒരുപാടു പറയാനുണ്ട്....

സ്നേഹവും ഐക്യവും കൈകോർത്ത ഞങ്ങൾക്കിടയിലേക്കു പേമാരി പോലെ വന്ന നൊമ്പരങ്ങൾ പല വേർതിരുവുകളും ഉണ്ടാക്കി. പൊട്ടലിലും ചീറ്റലിലും രൂപം കൊണ്ട പല ചേരികളെയും ഒന്നിപ്പിക്കാൻ ഓടി നടന്ന ആ പന്ത്രണ്ടു മുഖങ്ങളെ സഹതാപത്തോടെ ഇന്നും ഓർക്കുന്നു. കൂടാതെ അവരുടെ നിസ്സഹായതയ്ക്കു മുന്നിൽ കൂപ്പുകുത്തിയ പെൺപടയെയും.

അതിനൊപ്പം പേരിടൽ ചടങ്ങും തകൃതിയായി തന്നെ നടന്നു. Chemകേമം 2019 - Tyrants നോടുള്ള ബഹുമാനാർത്ഥം നൽകിയ Chemകേമം 2019 നഷ്ടപ്പെട്ടൊരു ഓണത്തിന്റെ വീണ്ടെടുക്കൽ കൂടിയായിരുന്നു.

ഏറെക്കുറെ ബുദ്ധിമുട്ടുള്ളതായിരുന്നെങ്കിലും YKnots ന്റെ ചുണക്കുട്ടികൾ അത് നിഷ്പ്രയാസം കൈകാര്യം ചെയ്തു.

സീനിയേഴ്സ് ആയിട്ടുള്ള ഈ വർഷത്തെ ആദ്യ programme, ആദ്യ ചുവടുവയ്പ്പ്, ഈ കലാലയത്തിലെ അവസാനത്തെ ഓണം എന്ന ഒരുപാടു പ്രത്യേകതകൾ നിറഞ്ഞതായിരുന്നു Chem കേമം 2019. പേര് പോലെ തന്നെ പരിപാടി കെങ്കേമം ആകണമെന്നത് 61 പേരുടെയും കുട്ടവാശിയുമായിരുന്നു. അതിന്റെ ഭാഗമായി പല കമ്മറ്റികളും രൂപം കൊണ്ടു.

ആഴ്ചകളോളം നീണ്ടു നിന്ന ചർച്ചകൾക്കും ഒരുക്കങ്ങൾക്കും വിരാമമിടാനായി september 6 വന്നെത്തി. രാവിലെ മാനം കറുപ്പിച്ച് ഒന്ന് പേടിപ്പിച്ചെങ്കിലും ഞങ്ങളുടെ അശ്രാന്ത പരിശ്രമങ്ങളുടെ തീ അതിനെ ഉരുക്കി കളഞ്ഞു. നാളുകൾ ഊതികാച്ചി മെനഞ്ഞെടുത്ത Chem-കേമം 2019 boardന്റെയും രാവോളം പണിഞ്ഞുകൊണ്ടിരുന്ന ഉഞ്ഞാലിന്റെയും, രാവ് പകലാക്കി തീർത്ത പൂക്കളത്തിന്റെയുമെല്ലാം മാറ്റ് ആ തെളിമയിൽ എല്ലാവരും കണ്ടും അനുഭവിച്ചും

ആസ്വദിച്ചു. കസവു മിന്നുന്ന ചേലയുമുടുത്ത മുല്ലപ്പൂവിന്റ അകമ്പടിയോടെ പെൺകൊടികൾ അണിനിരന്നപ്പോൾ പ്രൗഢഗംഭീര്യത്തോടെ ശ്രീമാൻമാർ മാവേലി തമ്പുരാനെ ആനയിച്ചു കൊണ്ടുവരികയായിരുന്നു. കൃത്യം 9.30ന് തന്നെ മാവേലി തമ്പുരാൻ പ്രധാന കവാടത്തിനു മുന്നിലെത്തി.

പുലികളും വേട്ടക്കാരും കൂടി കളറാക്കിവിട്ട ഉത്സവമായിരുന്നു അത്. ശിങ്കാരിമേളത്തിന്റ താളത്തിനൊപ്പം ചുവടുവയ്ക്കാൻ ആൺതരികൾ തമ്മിൽ ഘോരമത്സരമായിരുന്നു. ഇവരെല്ലാവരെയും വരവേറ്റു കൊണ്ട് ഇരുവശങ്ങളിലായി മലയാളി മങ്കമാരും ...

കഴിഞ്ഞ വർഷത്തെ 'ശ്രീമാൻ ' ബിനു എല്ലാവരെയും സ്വാഗതം ചെയ്തുകൊണ്ട് Chemകേമം 2019 നു തിരികൊളുത്തി. Densyയുടെയും Albinന്റെയും വാക്ചാതുര്യം പരിപാടിയുടെ ആക്കം കൂട്ടി. പിന്നെ ദീപം തെളിയിച്ച മാവേലി തമ്പുരാനും, കുരിയാക്കോസ് സാറും, ജിനി മിസ്സും പരിപാടിക്കു തുടക്കമിട്ടു. YKnots മങ്കമാരുടെ തിരുവാതിരയാണ് ആദ്യം അരങ്ങേറിയത്. തിരുവാതിര ഓട്ടൻ തുള്ളലിൽ പര്യവസാനിച്ചെങ്കിലും പരിപാടിയുടെ മോടിക്കു ഒരു കുറവും സംഭവിച്ചില്ല.

പിന്നീടങ്ങോട്ട് ഓണപാട്ടുകളും, പൂക്കളങ്ങളും, സുന്ദരിക്ക് പൊട്ടുകുത്തലും തുടങ്ങി ഒൻപതു വാശിയേറിയ മത്സരങ്ങൾ ആവേശത്തിന്റ വർണവിസ്മയം പരത്തി. പഴക്കുലക്കു വേണ്ടിയുള്ള വടംവലി മത്സരം 5th semന്റെ വീരമരും വീരത്തിക്കളും കൊണ്ടുപോയി. സ്വരമാധുര്യം തെളിയിച്ച 3rd sem ഉം മുന്നേറി.

തിരുവാതിര പിൻതുടർന്നു പെൺകൊടികൾ ആടി തിമിർത്ത flash mob കാണികൾക്ക് ഇമ്പമേകി. മലയാളിമങ്ക മത്സരത്തിന് CCPSRന്റെ teachers നാണു ഇത്തവണ കുറി വീണത്. ഒട്ടും സംശയിക്കാതെ തന്നെ ആ പട്ടം സ്നേഹ മിസ്സിന്നു ചാർത്തികൊടുത്തു.

അങ്ങനെ ഓണത്തിന് തിരശീല വീഴുമ്പോൾ 56 point യുമായി 5th sem ഈ വർഷത്തെ ഓണപ്പട്ടം കരസ്ഥമാക്കി. കൂടാതെ രണ്ടും മൂന്നും സ്ഥാനങ്ങൾ 3rd sem ഉം 1st sem ഉം കരസ്ഥമാക്കി. സമ്മാനത്തിനു പിറകെ Mr. Thottuവിന്റ അസ്സൽ നന്ദിയോടെ കൊടിയിറക്കം.

ഓഡിറ്റോറിയത്തിൽ സദ്യക്കുള്ള ഒരുക്കങ്ങൾ തുടങ്ങി. 'മനുഷ്യരെല്ലാം ഒന്നു പോലെ ' എന്ന തത്വം അവിടെ പ്രയോഗികമാവുകയായിരുന്നു. തൂശനില വിരിച്ച്, തുമ്പപ്പൂ ചോറു വിളമ്പി ആശിച്ച കറിയെല്ലാം നിരത്തി വെച്ച എല്ലാവരുംടേയും മനസ്സും വയറും ഞങ്ങൾ നിറച്ചു. രണ്ടു തരം പായസവും പപ്പടവും പഴവും സദ്യയുടെ മോടി കൂട്ടി. എല്ലാവരുടെയും മനസ്സ് നിറച്ചപ്പോൾ തോന്നിയ ആനന്ദത്തിനൊപ്പം ഇങ്ങനെ ഒരു ഓണം ഞങ്ങൾക്ക് ഈ കലാലയത്തിൽ ഇല്ലല്ലോ എന്ന ഓർമപ്പെടുത്തലിന്റ കനൽ ഉള്ളിൽ നീറി.

ഞങ്ങളെ കൊണ്ടാകുന്ന വിധം ഓണപരിപാടികൾ നടത്താൻ കഴിഞ്ഞു എന്ന വിശ്വാസത്തെ അടിയുറപ്പിക്കുന്നതായിരുന്നു ഓരോരുത്തരുടെയും പ്രതികരണം.

എല്ലാവരോടും ഹൃദയത്തിൽ തൊട്ടു ഒരായിരം നന്ദി..! കൂടെ നിന്ന് സഹകരിച്ചതിന്, അനുസരിച്ചതിന്, അനുവാദം നൽകിയതിന്, എല്ലാത്തിലുമുപരി ആസ്വദിച്ചതിന്.

എത്ര ഉയരങ്ങളിൽ എത്തിയാലും ഈ Chemകേമം 2019 എന്നും നിങ്ങളുടെ ഓർമ്മയിൽ തങ്ങി നിൽക്കും എന്ന പ്രതീക്ഷയോടെ, 'സ്ഫടിക'ത്തിന്റ ഭാഷയിൽ പറഞ്ഞാൽ മറ്റ് ഓണങ്ങൾക്കിടയിൽ മുക്കിക്കളയരുത് ഞങ്ങളുടെ Chemകേമം 2019 എന്ന അഭ്യർത്ഥനയോടെ....





## C Batch

# Al Duranthamz..!

കെമിസ്റ്റ്സ് കോളേജ് കണ്ടിട്ടുള്ള എല്ലാ C batch ഉം പോലെ തന്നെ ഒരു തരികിട batch ആണ് ഞങ്ങളുടേതും. എന്തോ.. എല്ലാ C batchഉം തരികിട ബാച്ചുകളും എല്ലാ A batchഉം പഠിപ്പി ബാച്ചുകളും ആയിരിക്കും. അതുപോലെ തന്നെ ആയിരുന്നു ഞങ്ങളുടെ YKnotsലും.

കഴിഞ്ഞ നാലു വർഷവും ടീച്ചേഴ്സിന്റെ കണ്ണിലെ കരടായ ബാച്ച്. അത് ഫസ്റ്റ് ഇയറിൽ പരീക്ഷയ്ക്ക് വന്ന external examiner തന്നെ ആദ്യമായി വിശേഷിപ്പിച്ചു. അത് പിന്നെ ഞങ്ങളുടെ ബാച്ചിന്റെ വിശേഷണമായി മാറി.

ബോറടിപ്പിക്കുന്ന തിയറി പീരിയഡുകൾക്കിടയിൽ കിട്ടുന്ന ഓരോ ലാബും ഞങ്ങൾ വേണ്ടവിധം ഉപയോഗിച്ചു..! കളിക്കാനും, തല്ലുകൂടാനും, സൊറപറയാനും, പാട്ടു പാടാനും, ഡാൻസു കളിക്കാനും, കള്ളത്തരങ്ങൾ കാണിക്കാനുമുള്ള സമയമായിരുന്നു ഞങ്ങളുടെ ലാബ് പീരിയഡുകൾ.

ഒരു പക്ഷെ synopsisൽ നിന്നും viva കളിൽ നിന്നും എപ്പോഴും ഒഴിഞ്ഞു മാറിയത് ഞങ്ങളുടെ C batch ആയിരുന്നു. മറ്റുള്ള ബാച്ചുകൾ വൈവയ്ക്ക് വേണ്ടി തല്ലുകൂടിയപ്പോൾ 'ആദ്യം നീ പോ... പിന്നെ ഞാൻ...' എന്ന് പറഞ്ഞു മാറിനിന്നവരാണ് ഞങ്ങൾ. C batchന്റെ ഐക്യദാർഢ്യത്തിന്റെ ഉദാഹരണം തന്നെ പറയട്ടെ, 'ഒരു ദിവസം ഒരാൾ പഠിച്ചില്ലെങ്കിൽ പിന്നെ ആരും പഠിക്കില്ല..!'

ആദ്യമായി ഞങ്ങൾ അഞ്ജു മിസ്സിന്റെ കൂടെ ചുവടുവെച്ച ലാബ് ആണ് inorganic lab.... നിശബ്ദമായി കൊലക്കളത്തിലേക്ക് പോകുന്ന പോലെയുള്ള യാത്ര.... അവിടെ ഞങ്ങളെ 'കുഞ്ഞേ' എന്ന് അഭിസംബോധന ചെയ്ത് ഗർജിക്കുന്ന HAP ലാബിലെ രാകേഷ് സാറും, ഉടായിപ്പ് കാണിക്കാൻ പഠിപ്പിച്ച ceutics ലാബും ice വാരിയെറിഞ്ഞ കെമിസ്ട്രി ലാബും ഫസ്റ്റ് ഇയറിലെ മറക്കാൻ പറ്റാത്ത അധ്യായങ്ങൾ ആയിരുന്നു.

ഒടിഞ്ഞുതൂങ്ങിയ skelton വരച്ച Thaiba യും സ്ഥിരമായി glass slide പൊട്ടിക്കുന്ന ഉണ്ണിയും, fast express Nazrinഉം അന്ന് ഞങ്ങളുടെ താരമായിരുന്നു.

ആദ്യത്തെ ലാബ് എക്സാമിന് വേണ്ടി ബാച്ച് തിരിച്ചപ്പോൾ ഞങ്ങൾക്ക് നവാസിനെ നഷ്ടമായി. ആ വിഷമത്തിൽ ഇരിക്കുമ്പോൾ ആണ് lateral entry ആയി അമൃതയും വൃന്ദയും വന്നത്..! ആദ്യം അവർ മൗനവൃധത്തിൽ ആയിരുന്നെങ്കിലും പിന്നീട് ഞങ്ങളുടെ ലെവൽ ആണെന്ന് മനസ്സിലായി. അങ്ങനെ ഞങ്ങൾ 21 പേരുടെയും അധോലോകമായിരുന്നു ഞങ്ങളുടെ C batch.

2nd year ൽ urine experiment ചെയ്ത് കോളേജ് മുഴുവൻ പുകച്ചതും അതോടുകൂടി biochemistryൽ urine experiment ചെയ്യേണ്ട എന്ന് മിസ്സ് തീരുമാനിച്ചതും രസകരമായ ഓർമ്മകളാണ്. ലാബിലെ ചേച്ചിമാരുടെ ചീത്തവിളികൾ ഞങ്ങൾ ഞങ്ങൾ താരാട്ടുപാട്ടുപോലെ കേട്ട് ആസ്വദിച്ചു.



ഞങ്ങൾ 19 പെൺകുട്ടികളുടെ ആങ്ങളമാരാണ് ഓടിനടന്ന് തമ്മിൽ തല്ല് കൂടുന്ന ശബരിയും, silent singer ആയ ഗൾഫിലെ ആങ്ങള സുട്ടുവും..

ഏത് കിട്ടാത്ത value ഉണ്ടാക്കാനും, കേടായ apparatus ശരിയാക്കാൻ ഓടിനടക്കുന്ന Sincy യും, വിശ്രമവേളകളെ ആനന്ദകരമാക്കാൻ ചളിവാരിയെറിയുന്ന റേഡിയോ മാംഗോ Saluവും, നിരന്തരമായി പാട്ട് പഠിക്കാൻ ശ്രമിക്കുന്ന ലച്ചുവും, കഷ്ടപ്പെട്ട് പഠിക്കുന്ന Sreekiയും, ഞങ്ങളുടെ C ബാച്ചിന്റെ മുത്തുമണികളാണ്.

ഞങ്ങളുടെ passion fruit മോഷണത്തിന് ചുക്കാൻ പിടിച്ചത് ശ്രീലക്ഷ്മി ആണെങ്കിലും അതിൽ നിന്ന് ഒന്നും കിട്ടാതെ ശശിയായി നിൽക്കുന്ന അവളുടെ മുഖം ഇപ്പോഴും ഓർമയുണ്ട്.

Accurate ശ്രുതിയും, Al padippi സാനിബയും ഞങ്ങളുടെ പൂച്ചക്കുട്ടി Ponnuവും ശരീരം കൊണ്ട് C ബാച്ചിൽ ആണെങ്കിലും B ബാച്ചിൽ ഉള്ള ഷിഫ്നയും, കോളേജ് ബസ്സിന് പൈസ കൊടുത്തിട്ട് KSRTCൽ യാത്ര ചെയ്യുന്ന ടീനുവും ഞങ്ങളുടെ C ബാച്ചിൽ കണ്ടുവരുന്ന rare species കൾ ആണ്. ഏതൊക്കെ സംഭവിച്ചാലും 1st slabൽ ഇരുന്ന് നടക്കാത്ത ട്രിപ്പിനെ കുറിച്ച് പ്ലാൻ ചെയ്യുന്ന സാന്ദ്രയും സാലിഹയും, dear comrade Sanjuവും, സ്വന്തം സ്റ്റിക്കർ വാട്സാപ്പിൽ publish ചെയ്ത കനേഡിയൻ റോണിയും, പട്ടിമറ്റം ഷെറിനും ഇവരെല്ലാം ചേർന്നതായിരുന്നു ഞങ്ങളുടെ കൊച്ചുകുടുംബം - Al duranthamz.

ലൈബ്രറിയിലുള്ള girlish talksഉം, സ്പെഷ്യൽ ലിപ്സ്റ്റിക്ക് ക്ലാസ്സുകളും, ഉണ്ണിയുടെ സംശയങ്ങൾക്ക് (കൂവൽ) ഉള്ള explanationസും, analysis ലാബിലെ ശബരിയുടെയും സഞ്ജുവിന്റേയും കുങ്ഫുവും ഞങ്ങൾ ശരിക്കും മിസ്സ് ചെയ്യും. രണ്ടു boomerനെ 21 പീസ് ആക്കി പങ്കുവെച്ച ഞങ്ങളുടെ സൗഹൃദം ഒരിക്കലും മറക്കാൻ കഴിയില്ല.

C ബാച്ചിൽ അംഗമാകാൻ പലരും കൊതിക്കുന്നു എന്ന് പറഞ്ഞപ്പോൾ ഞങ്ങൾക്ക് തന്നെ ഒരു proud feeling ആയിരുന്നു...

*And that's C Batch...!*



Sreelakshmi U
B Pharm Final Year



Salini KS
B Pharm Final Year



Sanjana Mathew
B Pharm Final Year

# BIG BOSS HOUSE

വരിക്കോലി എന്ന അതിമനോഹരമായ ഗ്രാമം..
ടു ട്ടു ടു ട്ടു ട്ടു ട്ടു.....

കെട്ടും കെടക്കയുമായി വിവിധ ജില്ലയിൽ നിന്നും കെമിസ്റ്റിന്റെ ചുണക്കുട്ടികൾ കോളേജ് വളപ്പിലേക്ക് എത്തിച്ചേരുകയാണ് മക്കളേ..... എത്തിച്ചേരുകയാണ്...

RGSന്റെ നേതൃത്വത്തിൽ ഫാർമസി ലോകത്തേക്ക് പിച്ചവെച്ചു തുടങ്ങിയ ഞങ്ങൾ പിന്നീട് കുഞ്ഞോൾ ആന്റിയുടെ കരങ്ങളിലേക്ക് കൈമാറപ്പെട്ടു. ആദ്യം ഒന്ന് ഭയപ്പെട്ടെങ്കിലും സ്വന്തം അമ്മയെ പോലെ ആന്റി എന്നും ഞങ്ങളുടെ കൂടെ ഉണ്ടായിരുന്നു.

ക്ലാസ്സ്മേറ്റ്സും, ഹാപ്പി ഡേയ്സും, റ്റു സ്റ്റേറ്റ്സും കണ്ട് ഹോസ്റ്റലിലേക്ക് കയറിപറ്റിയിരുന്നവർ അറിഞ്ഞിരുന്നില്ല അതൊരു തടങ്കൽപാളയമായിരുന്നുവെന്ന്. എന്നാലും അവിടെ ഞങ്ങൾ ഞങ്ങളുടെ കൊച്ചുകൊച്ചു സന്തോഷങ്ങൾ കണ്ടെത്താൻ മറന്നില്ല. തൃശ്ശൂർകാരും, എറണാകുളംകാരും, ഇടുക്കി സുന്ദരിയും, പാലാക്കാരിയും, കാസർകോടുകാരിയും, കൊല്ലംകാരിയും, ആലപ്പുഴക്കാരിയും അടങ്ങുന്ന ഒരു കൊച്ചുകുടുംബമായിരുന്നു ഞങ്ങളുടേത്. അമ്മയുടെ സാരിയിൽ കടിച്ചുതൂങ്ങി വന്ന American touristerഉം, പിരിയില്ല കൂട്ടുകാർ നമ്മൾ എന്നുപറഞ്ഞു വന്ന ഗഡിയോളും, സ്വപ്നലോകത്തെ ബാലഭാസ്കരികളും, റിസേർച്ചിൽ വീണ പഠിപ്പികളും ഞങ്ങളെ അതിശയിപ്പിച്ചു.

Mnemonikosന്റെ അധോലോകത്തേക്ക് ചോറും പാത്രവുമായി വലിഞ്ഞു കയറിയ ഞങ്ങളെ കീരിക്കാടൻ ജോസിന്റെ രൂപത്തിൽ മുട്ടിടിപ്പിച്ചും ലവലേശം ഒലിപ്പിക്കാതെയും What and how ideal seniors should be ! എന്ന അടിത്തറ പാകി തന്നതും അവർ തന്നെയായിരുന്നു. പിന്നെ അങ്ങോട്ട് പൊടിപൂരമായിരുന്നു. ജയിലിൽ നിന്നും പരോളിന് ഇറങ്ങുന്നതുപോലെ ആയിരുന്നു ഞങ്ങളുടെ ഓരോ ഞായറാഴ്ചകളും. എല്ലാത്തിനോടും ഒരു ഭ്രാന്തമായ ആർത്തിയായിരുന്നു. അത് ഭക്ഷണമായിക്കോട്ടെ, മനുഷ്യനായിക്കോട്ടെ... ആദ്യമാദ്യം നീണ്ടുനിന്ന പരോളിന്റെ കാലാവധി പിന്നീട് natural calamity യുടെ രൂപത്തിൽ ഞങ്ങളുടെ സന്തോഷങ്ങൾക്ക് ഒരു വരമ്പ് തീർത്തു.

'ഹിൽപാലസിൽ പോകരുത്' എന്ന ആന്റിയുടെ വാക്കിനെ കാറ്റിൽ പാറിച്ചുകൊണ്ടായിരുന്നു ഞങ്ങളുടെ ആദ്യത്തെ യാത്ര തന്നെ. പിന്നീട് അങ്ങോട്ട് fort kochi, malls, cinema theatre, park അങ്ങിനെ പോകുന്നു ഞങ്ങളുടെ ഓരോ യാത്രകളും. ജന്മദിനാഘോഷങ്ങൾ ഈയാംപാറ്റയുടെ രൂപത്തിൽ നിന്നും സഹോദരനയ്യപ്പന്റെ രൂപത്തിലേക്ക് പുരോഗമിച്ചു.

മാഗിയും, സ്വിഗ്ഗിയും, boiled eggഉം എല്ലാം ഞങ്ങളുടെ കൊക്കപുഴുക്കൾക്ക് താൽകാലിക ആശ്വാസമായി. ഉറക്കമൊഴിച്ചു ഞങ്ങൾ തീർത്ത ഓരോപൂക്കളങ്ങളും പുൽകൂടുകളുമെല്ലാം ഞങ്ങളുടെ മാത്രം അഹങ്കാരങ്ങളാണ്.

സൗന്ദര്യം ഒരു അഹങ്കാരമായി വന്ന ഞങ്ങളുടെ കൊച്ചുസുന്ദരികൾക്ക് ഭീകരനായ ആസിഡ് ഫ്ളൈ ഒരു വില്ലനായി മാറി. Independence day യും, കല്ലുപിറക്കൽ day യും hostlers ന്റെ മാത്രം ഔദ്യോഗിക ആഘോഷങ്ങൾ ആയിരുന്നു.

അങ്ങനെ നാളുകൾ കഴിയുമ്പോളാണ് നാലു ചെമ്മരിയാടുകൾ മേമനയില്ലത്തേക്ക് കുടിയേറപ്പെട്ടത്. ഭീകരരായിരുന്ന സീനിയേഴ്സ് അങ്ങനെ ഞങ്ങളുടെ സ്വന്തം ചേച്ചിമാരായി മാറുകയായിരുന്നു. 22 പേരുള്ള ഞങ്ങളുടെ പെൺകോട്ടയിലേക്ക് ട്രെയിനിന് തലവച്ചു വന്ന Wild card entry പിന്നീട് ഞങ്ങളുടെ കൂട്ടത്തിലെ ഒരാളായി മാറുകയായിരുന്നു. ആറു ദിവസത്തെ കാത്തിരിപ്പിന് ശേഷം ആകെ കിട്ടുന്ന ഫോൺവിളിയും ടി.വി യുമായിരുന്നു ഞങ്ങളുടെ ഏക ആശ്വാസം. ക്ഷമയുടെ നെല്ലിപ്പലകകണ്ട ലൂസിഫർന് യന്തിരൻ തന്ന സർപ്രൈസ് മരുഭൂമിയിലെ മഴയായിതീർന്നു.

വെളിച്ചത്തുകിടന്ന് ഇരുട്ടത്ത് ചോറുണ്ണാനും ഒരു കപ്പ് വെള്ളത്തെ ഒരു കിണർ വെള്ളമാക്കാനും ഒരു മെഴുകുതിരി വെളിച്ചത്തിൽ യൂണിവേഴ്സിറ്റി portion കവർ ചെയ്യാനും പഠിപ്പിച്ചത് ഞങ്ങളുടെ സ്വന്തം Big Boss House തന്നെ. ഇവിടെ ചെറിയകളികളല്ല... വലിയ കളികൾ മാത്രം..!

നേരിൽ പറയാൻ മടിച്ച പല കാര്യങ്ങളും ക്രിസ്മസ് ലെറ്ററിലൂടെ തുറന്നുപറഞ്ഞ ഭയങ്കരിക്കളും, ക്ലാസ്സിലെ silent killers ആയ violent psychosഉം, ചളിവാരിയെറിയുന്ന



ചളിവീരത്തികളും, ആട്ടിൻതോലിട്ട ചെന്നായ്ക്കളും, സർഗാത്മകതകൾ ഞങ്ങളുടെ മുന്നിൽ മാത്രം പ്രകടിപ്പിച്ച് ഒളിഞ്ഞിരുന്ന കലാകാരികളും, റേഡിയോകളായ വാനമ്പാടികളും ഈ ഹോസ്റ്റലിന്റെ പലമുഖങ്ങളായിരുന്നു.

കുഞ്ഞോളാന്റി മാലാഖയാണെന്നു തെളിയിച്ച്, ഇന്ത്യൻ ഭരണഘടനയിൽ പോലും ഇല്ലാത്ത നിയമങ്ങൾ അടിച്ചേൽപ്പിച്ച ന്യായാധിപർ ഞങ്ങൾക്ക് പരോൾ പോലും നിഷേധിച്ച് സെൻട്രൽ ജയിലിൽ അടച്ചിട്ടു.

കോളേജിലെ tight schedule കൾക്കും പല വെറുപ്പിക്കലുകൾക്കും ഇടയിൽ VELOMA യ്ക്ക് വന്ന നീലപൊന്മാനും SIGNAയ്ക്ക് കൂട്ടായ സഹോദരനയ്യപ്പനുമൊത്തുള്ള DJയും, ഇതെല്ലം ഒളിഞ്ഞുനിന്ന് ഒപ്പിയെടുത്ത മിന്നാമിനുങ്ങും F DASSAGGANS ന്റെ മാത്രം സ്വന്തമായിരുന്നു.

യുദ്ധവും, ബണ്ടിചോർ കളിയും അതിനു മുന്നോടിയായുള്ള വട്ടമേശസമ്മേളനങ്ങളും ഇനി ഓർക്കുമ്പോൾ സുഖമുള്ള ഓർമ്മകൾ മാത്രം...!



Shalini KS
B Pharm Final year



## MEDICAL CAMP



Wherever the art of medicine is loved, there is also a love of humanity - Hippocrates

You don't have to be a doctor to save lives - Just Donate blood..... It's just safe, simple and saves lives !

## BLOOD DONATION CAMP






## CLEANING PROGRAMME - NSS UNIT



## CHRISTMAS CELEBRATIONS 2019



Memories

2019-20



Industrial Visit - Regional Drug Testing Laboratory, Ernakulam





FROM 71st INDIAN PHARMACEUTICAL CONGRESS, Chennai







Ourteach programme from CCPSR - Topic : How to be healthy and happy in this cyber era !

The CCPSR team after attending the International Seminar organised by Kerala State Pharmacy Council









# പച്ചിലകൾ പഴുക്കുമ്പോൾ

*An overview of VELOMA 2019 - YKnot's first programme*

അതിഥികളിൽ നിന്ന് ആതിഥേയരിലേക്കുള്ള YKnotsന്റെ പരിണാമത്തിന്റെ അടിത്തറ പാകലായിരുന്നു "Veloma – The last bell". 4 വർഷം കൊണ്ട് ഊതിക്കാച്ചി മിനുക്കിയ പ്രതീക്ഷകളുമായി CCPSRന്റെ പടിയിറങ്ങാൻ ദിവസങ്ങളെണ്ണി കാത്തിരിക്കുന്ന Tyrantzന് ഏറ്റവും പ്രിയപ്പെട്ട ഓർമ്മകൾ സമ്മാനിക്കുന്ന ഒരു ദിനം ! അതായിരുന്നു ഞങ്ങളുടെ ലക്ഷ്യം. YKnotsന്റെ ആതിഥേയത്വത്തിൽ ആദ്യ പ്രോഗ്രാം. 3 വർഷം കൊണ്ട് പടുത്തുയർത്തിയ image ഞങ്ങളിൽ വലിയ ഒരു ഉത്തരവാദിത്വ ഭാരമേൽപ്പിക്കുന്ന ചിന്ത പടർത്തി. എല്ലാവരും എന്തൊക്കെയോ ഞങ്ങളിൽ നിന്നും പ്രതീക്ഷിക്കുന്നതായി ഞങ്ങൾ മനസ്സിലാക്കി. YKnots എന്ന പേര് കേട്ടാൽ ആവേശം അലതല്ലുന്ന ഞങ്ങൾ ആ titleലിൽ ഒരുങ്ങുന്ന ആദ്യ eventന്റെ വിജയത്തിനായി കച്ചകെട്ടിയിറങ്ങി. തലൈവർ ബിനുവും തലൈവി നായരും (Anju) കൂടെ ഞങ്ങളും. ഞങ്ങൾ രണ്ടും കൽപ്പിച്ചു ഒരുങ്ങി യിറങ്ങിയാൽ പിന്നെ ഒന്നും പറയണ്ടല്ലോ, സംഗതി കള റാകും !!

രാത്രികൾ പകലുകളാക്കുന്ന അധ്വാനത്തിന്റെ ദിനങ്ങളായിരുന്നു പിന്നീടങ്ങോട്ട്. Reference നായി കേരളത്തിലങ്ങോളമിങ്ങോളമുള്ള എല്ലാ കോളേജുക ളിലെയും farewell കളുടെയും arts fest കള ുടെയും galleryയുമായി lead role ൽ Sifar ഉണ്ടായിരുന്നു. ആശയങ്ങളുടെമേൽ ധനമന്ത്രി പിടി മുറുക്കിയപ്പോൾ സഹായഹസ്തങ്ങൾ പലയിട ത്തുനിന്നും നീണ്ടുവന്നു. അങ്ങനെ cash prizeകൾ വരെ ഞങ്ങളുടെ ഫണ്ടായി മാറി. അങ്ങനെ YK-notsന്റെ കലാഹൃദയം ഉണർന്നപ്പോൾ സംഭവ്യമായത് ഒരു മിനി ബിനാലെ തന്നെയായിരുന്നു. അവസാ നനിമിഷം വരെ പരീക്ഷാ ചൂടും അതിനിടയിൽ Annual dayയും ഞങ്ങളെ ഞെരുക്കിയപ്പോൾ എല്ലാം പുഷ്പം പോലെ തരണം ചെയ്ത് ഞങ്ങൾ ഒരുങ്ങി, ആ ദിവസത്തിനായി..!

YKnots ഇത്രയേറെ preplan ചെയ്ത ഒരു ദിനം വേറെയുണ്ടാകാൻ തരമില്ല. April 12 എന്ന ദിവസത്തിലെ ഓരോ നിമിഷവും നൂറുതവണ കണക്കുകൂട്ടി അളന്നുമുറിച്ചു വച്ചിരുന്നു ഞങ്ങളുടെ മനസ്സുകളിൽ. 3 വർഷത്തെ സീനിയോറിറ്റിക്ക് പകരം നൽകാൻ ഇതിനും അപ്പുറം ഒരു യാത്രയയപ്പ് ഞങ്ങൾക്ക് സാധ്യമായിരുന്നില്ല. ഇത്രയേറെ ആത്മനിർവൃതി പകർന്ന മറ്റൊരു കർമ്മപരിപാടിക്ക് YKnots പിന്നീട് രൂപം കൊടുക്കുകയുമുണ്ടായില്ല.

മുൻദിവസങ്ങളിലെ overtime വർക്കും നൈറ്റ് ഡ്യൂട്ടിയും ഞങ്ങളുടെ ആവേശത്തെ തളർത്താൻ പ്രാപ്തമായിരുന്നില്ല. കൈ മെയ് മറന്ന് ഞങ്ങൾ ഒന്നിച്ചപ്പോൾ ഒരുങ്ങിയത് സ്വപ്നതുല്യമായ ഒരു ദിനമായിരുന്നു. അതിന്റ credit ൽ നല്ലൊരു പങ്കും YKnots ബോയ്സ്ന് അവകാശപ്പെട്ടതായിരുന്നു.

റോഡിലെ മതിലിൽ തീർത്ത ചുമർചിത്രം മുതൽ dream catcher ഉം smile box കളും mash melo യും തുടങ്ങി കലയുടെ വസന്തം വിരിയിച്ച കൈയൊപ്പുകൾ അനവധിയായിരുന്നു.

ഇന്നായിരുന്നെങ്കിൽ സ്വന്തം കല്യാണത്തിന്റെ re-ception YKnots നെ എൽപിച്ചേനെ എന്ന John sir ന്റെ അഭിനന്ദനമാണ് ഇന്നും മനസ്സിൽ തങ്ങി നിൽകുന്നത്..! ആ ദിവസത്തിലേക്ക് വീണ്ടും എത്തിനോക്കുമ്പോൾ, ഇഷ്ട അക്ഷരമായി 'o' പറഞ്ഞ Miss CCPSR പട്ടത്തിനുള്ള മത്സരാർത്ഥികളെ തിരഞ്ഞെടുത്ത Sonu മിസ്സും, Limce miss നോടുള്ള തെറ്റുധാരണ തുറന്നുചോദിച്ച് ആ പട്ടം സ്വന്തമാക്കിയ Monica ചേച്ചിയും പൊതു ജനാഭിപ്രായം പരിഗണിച്ചുള്ള വോട്ടെടുപ്പിലൂടെ VELOMA STAR ആയി തിരഞ്ഞെടുക്കപ്പെട്ട Aisha ഇത്തയും Veloma യുടെ ഓർമകളിൽ തങ്ങി നിൽക്കുന്നു.

വിചിത്ര titleകൾക്ക് പലരും അർഹമായപ്പോൾ ആ പട്ടം ഏറ്റുവാങ്ങിയ അവരറിഞ്ഞില്ല സദസിൽ ഇരുന്ന് പുഞ്ചിരി തൂകുന്ന പ്രിയപ്പെട്ട teachers ആയിരുന്നു ആ തിരഞ്ഞെടുപ്പിൽ സമ്മതിധാനം വിനിയോഗിച്ചതെന്ന്.

കുസൃതികളും വിനോദങ്ങളും ചെറിയ ചില നൊമ്പരങ്ങളും കോറിവരച്ചിട്ടു veloma അരങ്ങേറിയപ്പോൾ അവസാനവാക്കുകളിൽ നിറഞ്ഞത് നന്ദി മാത്രമായിരുന്നു. മധുരം നുകരാൻ കൂടിയ Raji miss ന് മൈക്ക് കയ്യിലെടുത്തപ്പോൾ ശബ്ദം ഇടറി കണ്ണുനിറഞ്ഞപ്പോൾ മുൻപിൽ മഷിയെഴുതിയ പല കണ്ണുകളും ഒപ്പം ഈറനണിഞ്ഞു. 4 വർഷകാലം ഒന്നിച്ചു ജീവിച്ചതിന്റ ഓർമ്മകൾ ആ നിറഞ്ഞ കണ്ണുകളിൽ പ്രതിഫലിക്കുന്നുണ്ടായിരുന്നു. കോർത്തുപിടിച്ച കൈകൾക്കും പറയാൻ നൂറു കഥകളുണ്ടായിരുന്നു. ജന്മങ്ങളുടെ ഇഴയടുപ്പം സമ്മാനിച്ച ആ ദിനങ്ങളുടെ കഥകൾ...!

വൈകിയെത്തിയ ചേട്ടന്മാർ നിരാശരാക്കിയപ്പോൾ തോളോട് തോൾ ചേർന്ന് അകമഴിഞ്ഞ പങ്കാളിത്തവുമായി അനിയന്മാരും, കട്ട സപ്പോർട്ടും, ചില്ലറ ധനസഹായവുമായി Leena miss കൂടെ കൂടിയപ്പോൾ നിറഞ്ഞത് മനസ് കൂടെയായിരുന്നു. സ്നേഹവും സാന്തോഷവും വിളമ്പിയ ഞങ്ങളുടെ കൈകൾ, കൂടെ അറിയാതെ പലരുടെയും നോമ്പും വിളമ്പി മുറിച്ചു.

YKnotsന്റെ ശബ്ദമായി Mr. Thottu മൈക്ക് കയ്യിലെടുത്ത് വാചാലനായപ്പോൾ ഒഴുകിയിറങ്ങിയത് ഓർമകളുടെ കുത്തൊഴുക്കായിരുന്നു...

അതിലൊരു വരി മനസ്സിൽ ബാക്കി നിൽക്കുന്നു...

'പഴുത്ത ഇലയെ നോക്കി പച്ചിലകൾ ചിരിക്കും. പക്ഷെ ഒരിക്കൽ പച്ചിലകളും പഴുക്കും....!'



Aleena Rose Johnson
B Pharm Final year

# VELOMA 2019







## VELOMA 2019
### Farewell to Tyrants













## The debut of Y- Knots








# CORONA OUTBREAK

Coronaviruses are a family of viruses known for containing strains that cause potentially deadly diseases in mammals and birds. In humans they're typically spread via airborne droplets of fluid produced by infected individuals. Some rare but notable strains, including Wuhan coronavirus (2019-nCoV), and those responsible for severe acute respiratory syndrome (SARS) and Middle East respiratory syndrome (MERS), can cause death in humans.

First described in detail in the 1960s, the coronavirus gets its name from a distinctive corona or 'crown' of sugary-proteins that projects from the envelope surrounding the particle. Encoding the virus's make-up is the longest genome of any RNA-based virus – a single strand of nucleic acid roughly 26,000 to 32,000 bases long.

There are four known genuses in the family, named Alphacoronavirus, Betacoronavirus, Gammacoronavirus, and Deltacoronavirus. The first two only infect mammals, including bats, pigs, and humans. Gammacoronavirus mostly infects birds such as poultry, while Delta coronavirus can infect both birds and mammals.

## Symptoms of a coronavirus

Coronaviruses can give rise to a variety of symptoms in different animals. While some strains cause diarrhoea in pigs and in turkeys, most of the time infections can be compared to a bad cold, causing mild to moderate upper respiratory problems such as a runny nose and sore throat. There are a handful of lethal exceptions, which have had a devastating impact on livestock and human health around the globe.

## COVID-19 (2019-CoV)

Coronavirus disease 2019 (COVID-19) formerly known as 2019-nCoV acute respiratory disease, is an infectious disease caused by SARS-CoV-2, a virus closely related to the SARS virus. It is primarily spread between people via respiratory droplets from infected individuals when they cough or sneeze.Time from exposure to onset of symptoms is generally between 2 and 14 days.

Those infected may either be asymptomatic or have symptoms, like fever, cough, shortness of breath. Cases can progress to pneumonia, multi-organ failure, and death. There are no vaccines nor specific antiviral treatments, with management involving treatment of symptoms, supportive care, and experimental measures. Cases were initially identified in Wuhan, capital of Hubei province in China in December 2019.

## Prevention

Global health organisations have published preventive measures to reduce the chances of infection. Recommendations are similar to those published for other coronaviruses and include: frequent washing of hands with soap and water; not touching the eyes, nose, or mouth with unwashed hands; and practicing good respiratory hygiene.

To prevent transmission, the CDC recommends that infected individuals stay at home except to get medical care; call ahead before visiting a healthcare provider; wear a facemask (especially in public); cover coughs and sneezes with a tissue; regularly wash hands with soap and water; and avoid sharing household items.



Sreelakshmi U
B Pharm Final year



# ART GALLERY



Ansa Mol Sabu (First Sem)



Anju George (First Sem)



Sona Grace Nelson (Fifth Sem)



Aparnamol K.A. (Third Sem)




Swetha Sabu (Fifth Sem)



Chithira CS (Fifth Sem)



Muhsena P.M. (Fifth Sem)



Ansa Mol Sabu (First Sem)



# പടിയിറങ്ങും മുമ്പ്...

വടിയിറങ്ങും മുൻപ് ഒരിക്കൽ കൂടെ
ഓർമ്മകളുമായി പുറകോട്ട് നടക്കണം,
ഒപ്പം വീണ്ടുമൊരു യാത്ര പോവണം,
ജീവാംശമായി മാറിയ കലാലയ വഴികളിലൂടെ...
കളി ചിരി നിറഞ്ഞ വരാന്തകൾ ഇന്ന്
വിജനതയിലേക്ക് നോക്കി നിൽപ്പുണ്ട്.
സ്വപ്നങ്ങൾക്ക് ചിറക് വിരിച്ച ക്ലാസ്സ് മുറികളും,
വിപ്ലവം നയിച്ച ക്യാമ്പസും,
പ്രണയം പൂവിട്ട കാന്റീനും,
സൗഹൃദം ഒളിപ്പിച്ച ചോറ്റുപാത്രങ്ങളും,
കാലങ്ങൾക്കപ്പുറത്തും ഹൃദയത്തോട്
ചേർത്ത് നിർത്തണം...
സുഖമുള്ള നോവായി ഇടയ്ക്കിടെ ഓർത്തെടുക്കണം...



**Alisifar KS**
B Pharm Final Year







Farewell to our dear teachers....





Things end... But memories last forever... and in between freshers and farewell life happened









**SIGNA**

2016 :
RUNNERS UP
2017, 18 :
CHAMPIONS

-YKnots








Albin T Thottankara
B Pharm Final year

# ജീവിതത്തിന് ഒരു തുറന്ന കത്ത്

കഴിഞ്ഞുപോയത് ജീവിതത്തിലെ തിരിച്ചുവരാത്ത നാല് വർഷങ്ങൾ ആയിരുന്നു..!
ഇനിയില്ല ഇങ്ങനൊരു കാലം..!
അറുപത്തിയൊന്നു പേരടങ്ങിയ CCPSR കുടുംബം.

കലാലയ ജീവിതത്തിന്റെ കയ്പ്പും മധുരവും നുണഞ്ഞത് ഇവിടെനിന്നായിരുന്നു. പലയിടത്തു നിന്ന് ഒത്തുചേർന്ന അനേകം ചെറുചാലുകൾ വൻ സമുദ്രം ആയി മാറിയപ്പോൾ വഴിമാറിയത് ഒട്ടനവധി പ്രശ്നങ്ങളും സങ്കടങ്ങളും ആണ്..!

പരസ്പരം സഹായിച്ചും സ്നേഹിച്ചും, അതോടൊപ്പം കളിയാക്കലുകളും, പ്രണയവും, പരിഭവങ്ങളുമായി നടന്നുനീങ്ങിയ നമ്മൾ ഇന്നിപ്പോൾ പടിയിറക്കത്തിന്റെ മാനസിക പിടിമുറുക്കത്തിൽ ആണ്.

കാലത്തിന്റെ കുത്തൊഴുക്കിൽ നമ്മുടെ ഓർമ്മകൾ ഒരിക്കലും മുങ്ങിത്താഴില്ല. അത് നിത്യവും മനസ്സിന്റെ പുസ്തകത്താളുകളിൽ മായാത്ത മഷിയാൽ രചിക്കപ്പെടും..!

മരുന്നുകളോട് മല്ലിട്ട് നേടിയതാണ് ഈ വിജയം. പരാജയങ്ങളാൽ പാഠങ്ങൾ ഉൾക്കൊണ്ട് ഏറെ ദൂരം മുന്നോട്ട് പോകാൻ എന്റെ സുഹൃത്തുക്കൾക്കാകട്ടെ..!

Dear Y-Knots, മറക്കില്ല ഒരിക്കലും...

എന്ന് സ്വന്തം,
ആൽബിൻ



# THROUGH THE PROFILE OF Y- KNOTS

3rd August 2016 -

The day we started the journey through the steps of CCPSR. Followingly, the 61 young pharmacists got named under a single banner - **Y Knots.**

"Our time as a caterpiller has expired. Your wings are now ready."

## Know your Seniors...



**AJITHA KC**
ajithakc1234@gmail.com
9567623365



**AKSHAY KR**
akshaykr695@gmail.com
9746465788



**ALBIN T THOTTANKARA**
albintthottankara123@gmail.com
9947692364



**ALEENA ROSE JOHNSON**
aleenarosejohnson@gmail.com
9447668772



**ALISIFAR KS**
alisifarr@gmail.com
9645806806



**ANILA SUSAN ELDHO**
anilasusaneldho@gmail.com
9207522145



**ANJU C NAIR**
anjuajith0541@gmail.com
8281508627



**ANJU MATHEW**
ashaanjumathew@gmail.com
9645571347



**ANJU PAUL**
anjupaul1292@gmail.com
9061525489



**APARNA MICHAEL**
aparnamichael28@gmail.com
8547262753



**ASHIFA NAHA**
ashifanaha123@gmail.com
9048547050



**ATHIRA JAIMON**
athirajaimon.1999@gmail.com
9496336425



**BINU R PRASAD**
binurprasad@gmail.com
7356896792



**DEEPA MATHEW**
deepamath973@gmail.com
9539410162



**DEEPTHI S MANISHA**
deepthismaneesha@gmail.com
9605142493



**DENSY DAVIS**
densyannah@gmail.com
9446494458



**DIYA JAIN**
diyajain4042@gmail.com
8136896042



**DIYA RENCHI**
diyarenchi@gmail.com
9526067904



**ELIZABATH ELIAS**
elizabathelias1998@gmail.com
9645095900



**ELSA BINO**
binoelsa0@gmail.com
9207295355







**EMILIA ANIL**
emiliaanil84@gmail.com
9281326859



**FASNA TA**
fasnata1998@gmail.com
9633837809



**FATHIMA C**
fathima1998@gmail.com
9961895850



**FEBA BENNY**
febabenny@gmail.com
8078735295



**GAYATHRI GOPI**
gayathrigopi333@gmail.com
9495842648



**GISNA SHAJI**
shajigisna@gmail.com
7593071738



**GITHIN JOSE**
githinjosefeb26@gmail.com
9605561638



**GLIGIN MANI**
gliginmani@gmail.com
9526853623



**GOURIPRIYA LS**
lsgouripriya@gmail.com
9447936158



**GOUTHAM KRISHNAN**
gowthamkrishnaj@gmail.com
9656213510



**JUNAID K**
harisjunaidk@gmail.com
9400233941



**KEZIYA JOY**
keziaannam@gmail.com



**THAIBA P**
thaibashafeeq10@gmail.com
8089960654



**THEJES ANTONY**
thejesantony@gmail.com
9526668808



**UNNIMAYA BINU**
unnimayabinu6@gmail.com
9745546365



**AMRITHA KS**
ksamritaks@gmail.com
9547555968



**VRINDA P DILEEP**
vrindap1996@gmail.com
8281390736


*"So powerful is the light of unity
that it can illuminate
the whole earth."*

*Keep in touch always....*

Y- Knots

*Yours lovingly,
Y- Knots*





# നഷ്ടവസന്തം

CHEMISTS COLLEGE OF PHARMACEUTICAL SCIENCES & RESEARCH

Mr. Athul Sathar
Final Year

ജീവനുള്ള നാൾ വരെയ്ക്കും,
മനസ്സിൽ മായാതെ..... മങ്ങാതെ..... കിടക്കുന്ന ചങ്ങാതിമാർ
കൂടെയുള്ളിടത്തോളം എനിക്ക് ദുഃഖമില്ല.
തമ്മിൽ പങ്കിട്ടു നടന്ന ഓർമ്മകളുമായി
താരതമ്യപ്പെടുത്താൻ കഴിയുന്ന മറ്റൊന്നുമില്ല.
ഒന്നിച്ചുള്ള നാളുകളിൽ സമയം അശ്വവേഗത്തിൽ പായുകയായിരുന്നു.
ഭാവികാലം എത്രഭാഗ്യം നിറഞ്ഞതാണെങ്കിലും,
തിരിച്ചുവരാത്ത ഈ നാളുകൾക്ക് എന്നും, മധുരം തന്നെയാണ്.
ചെറിയ കാര്യങ്ങൾക്ക് പോലും പൊട്ടിച്ചിരിക്കുവാൻ
എന്നെ പഠിപ്പിച്ച എന്റെ ചങ്ങാതിമാരെ
കാലം എന്നിൽ നിന്നുമകറ്റുമ്പോൾ,
ഓർമ്മകൾ, കണ്ണുകളിൽ നിന്നും
കവിൾതടത്തിലേക്ക് ഒഴുകിയെത്തുമെങ്കിലും,
ഹൃദയത്തിന്റെ അടിത്തട്ടിൽ നിന്നും
ആശംസകൾ മാത്രം നേരുന്നു.
കൂടെ, എത്രദൂരത്തായാലും, എന്നും
ഹൃദയത്തിലുണ്ടാകുമെന്ന വാക്ക്....

1 വീതം 3 നേരം 92 CCPSR

# മറക്കില്ല ഒരിക്കലും....

ഒന്ന് വീതം മൂന്ന് നേരം
(മാഗസിൻ 2016 – 17)



# നന്ദിയോടെ....

ഇവിടെ വായിച്ചുനിർത്തുമ്പോൾ
കലാലയ ജീവിതത്തിലെ ഒരു പിടി ഓർമ്മകൾ
നിങ്ങൾക്ക് സമ്മാനിക്കുകയാണ്...!


ഒരുപാട് നാൾ...
വസന്തകാലത്തിന്റെ ഇതളുകൾ പോലെ...
ഒരുപാട് നാൾ നാം ഒന്നിച്ചായിരുന്നു...

കാലമെത്ര കഴിഞ്ഞാലും കുറിപ്പടിയുടെ താളുകൾ
മറിച്ചുനോക്കുമ്പോൾ ഞങ്ങളെ ഓർമിക്കാൻ
നിങ്ങൾക്ക് സാധിച്ചാൽ..
അത്, ഞങ്ങളുടെ വിജയമാണ്..!

ഈ വരിയോട് കൂടി ഇവിടെ അവസാനിക്കുമ്പോൾ
ഇതിന് രസക്കൂട്ട് പകർന്ന ഇതുവരെ നന്ദി പറയാത്ത
ഒരുപാട് മുഖങ്ങളുണ്ട്.
എന്റെ പ്രിയപ്പെട്ട എഡിറ്റോറിയൽ ടീം,
സ്റ്റാഫ് എഡിറ്റേഴ്സ്, YKnots, അധ്യാപകർ,
അനധ്യാപകർ, തങ്ങളുടെ കഴിവുകൾ കൊണ്ട്
ഈ സ്വപ്നം സാക്ഷാത്കരിക്കാൻ കൂടെ നിന്ന ജൂനിയേഴ്സ്...
എനിക്ക് ആത്മവിശ്വാസം തന്ന എല്ലാവർക്കും...
നന്ദി

- എഡിറ്റർ

# THE HISTORY OF MAGAZINES




2014-15



2015-16


2016-17



2017-18


2018-19



2019-20

## CHEMISTS COLLEGE OF PHARMACEUTICAL SCIENCES & RESEARCH



*The air that holds our breath...*
*The floor that hides our footprints...*
*The walls that absorb our voice...*
*All are becoming a piece of nostalgia for us...*
*And we leave them here for you..!*

കുറിപ്പടി

Design & layout : Binu R Prasad - 7356896792
Printing : Chennampallil Offset Printers - 8893911904